നിയമസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

**157**

**മെയ് 2010**

3.00 ക.



ഗുജറാത്തിൽ 2002ൽ നടന്ന നരവേട്ട സംബന്ധിച്ച്
സുപ്രീം കോടതിയിൽ ഹരജി സമർപ്പിച്ച സക്കിയ
ജഫ്രിയും ടീസ്റ്റ സെത്തൽവാദും സക്കിയയുടെ അഗ്നി
ക്കിരയാക്കപ്പെട്ട വീട്ടിൽ 2010 ഫെബ്രുവരിയിൽ.

# അവസാനം അതിന്നും ഒരു പേരായി

ബ്രിട്ടീഷ് ഇന്ത്യയിൽ മൂന്നു പ്രദേശങ്ങൾക്ക് പേരില്ലായിരുന്നു – വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം, വടക്കു കിഴക്കൻ അതിർത്തി സംസ്ഥാനം, മധ്യേന്ത്യ.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം വടക്കു കിഴക്കൻ അതിർത്തി സംസ്ഥാനത്തിന്ന് അരുണാചലമെന്നും മധ്യേന്ത്യക്ക് മധ്യപ്രദേശ് എന്നും പേരിട്ടു. അപ്പോഴും വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം ആ പേരിൽതന്നെ തുടർന്നു.

പാക്കിസ്താനിലെ ഒന്നാമത്തെ നിയമനിർമ്മാണസഭയിൽ അതിർത്തിഗാന്ധി ഖാൻ അബ്ദുൾ ഗഫ്ഫാർ ഖാൻ ഈ പ്രശ്നം ഉന്നയിക്കുകയുണ്ടായി. വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിന്ന് പഖ്തൂണിസ്ഥാൻ എന്ന പേരിടണമെന്ന് അദ്ദേഹം നിർദ്ദേശിക്കുകയും ചെയ്തു. പക്ഷെ കാര്യം നടന്നില്ല.

പഖ്തൂൺ ഒരു ഗോത്രവർഗ്ഗമാണ്. പാക്കിസ്താനിലും അഫ്ഘാനിസ്ഥാനിലുമായി വ്യാപിച്ചു കിടക്കുന്ന ഒരു രണശൂര വർഗ്ഗമാണവർ. ഇവരെ മെരുക്കി അഹിംസാത്മകമായ മാർഗ്ഗങ്ങളിലേക്ക് കൊണ്ടുവന്നതിനെ മാനിച്ചാണ് ഖാൻ അബ്ദുൾ ഗഫ്ഫാർ ഖാനെ അതിർത്തി ഗാന്ധി എന്നു വിശേഷിപ്പിച്ചിരുന്നത്.

സിയ ഉൽഹഖിന്റെ വാഴ്ചക്കാലത്ത് വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനമെന്ന പേരുമാറ്റാൻ അദ്ദേഹവും മുതിർന്നതായിരുന്നു. അതിന്നു പകരം പഖ്തൂൺ ഖ എന്ന പേരാണ് അദ്ദേഹം നിർദ്ദേശിച്ചത്. എന്നാൽ പഖ്തൂൺകാരല്ലാത്ത ഗോത്രവർഗ്ഗക്കാർ അതിനെ എതിർത്തു. തന്മൂലം സ്വേഛാധിപതിയായ സിയാക്കും ഒന്നും ചെയ്യാനായില്ല.

ഈയിടെ സർദാരി പാക് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹം ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയിൽ നടത്തിയ പ്രസംഗത്തിൽ വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം എന്നതിന്നു പകരം പഖ്തൂൺ ഖ എന്ന പേരാണ് ഉപയോഗിച്ചത്. അത് രണ്ടു കൊല്ലം മുമ്പാണെങ്കിലും പാക്കിസ്ഥാനിൽ അതിനുള്ള എതിർപ്പ് തുടരുകതന്നെ ചെയ്തു.

ഈയിടെ ഒരുപാട് വിവാദങ്ങൾക്കുശേഷം വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിന്ന് പുതിയൊരു പേരുകിട്ടി – കൈബർ – പഖ്തൂൺ ഖ. അഫ്ഘാനിസ്ഥാനിൽനിന്ന് പാക്കിസ്താനിലേക്കുള്ള പ്രധാന പ്രവേശന മാർഗ്ഗമാണ് കൈബർ ചുരം. അവിടത്തെ ഗോത്രവർഗ്ഗക്കാരെയും പഖ്തൂൺകാരേയും ഉൾപ്പെടുത്തുന്നതാണ് പുതിയ പേര്. ❑


ജനനീതി

മെയ് 2010

**157**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# അതിബുദ്ധി കാട്ടുന്നത് അപകടത്തിലേ കലാശിക്കൂ

മാവോയിസ്റ്റുകൾ ഹിംസാമാർഗ്ഗം ഉപേക്ഷിച്ചാൽ, അവരുമായി ചർച്ച നടത്താൻ ഗവർമ്മേണ്ട് തയ്യാറാണെന്ന് കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രി പി. ചിദംബരം ഇതിന്നകം ഒരു നൂറു തവണയെങ്കിലും ആവർത്തിച്ചിട്ടുണ്ട്. എന്താണിതുകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹത്തിന്നു മാത്രമേ അറിയൂ. അതേസമയം മാവോയിസ്റ്റുകളും പോലീസും തമ്മിലുള്ള സുന്ദോപസുന്ദം അവിരാമം തുടരുകയും ചെയ്യുന്നു. പോലീസെന്നും മാവോയിസ്റ്റെന്നുമുള്ള പ്രയോഗങ്ങൾ ചില പൊതു സംജ്ഞകൾ മാത്രമാണ്. പോലീസെന്ന വകുപ്പിൽ ഒട്ടേറെ വകഭേദങ്ങളുണ്ട്; അതുപോലെതന്നെ മാവോയിസ്റ്റ് എന്നു പറയുന്നത് ആരെയാണെന്നും അറിയില്ല. സർക്കാരിന്റെ സായുധസേനാവിഭാഗങ്ങളെ ആക്രമിക്കുന്നവരെയെല്ലാം മാവോയിസ്റ്റ് എന്ന വകുപ്പിൽ പെടുത്താം. പക്ഷെ ഈ അക്രമങ്ങളിൽ മിക്കതും അനീതികൾക്കെതിരായ ജനകീയ ക്ഷോഭ പ്രകടനമാണെന്നതാണ് വാസ്തവം.

ഈയിടെ ദൽഹിയിൽ പൗരാവകാശ പ്രവർത്തകരുടെ ഒരു പ്രതിഷേധ സമ്മേളനം നടന്നു. പക്ഷെ ഗവർമ്മേണ്ട് അതിനെ നക്ഷൽ സമ്മേളനമായാണ് മുദ്രയടിച്ചത്. ഇവിടെ ഈ കേരളത്തിൽ വർക്കലയിൽ നടന്ന ചില അനിഷ്ട സംഭവങ്ങളെപ്പറ്റി സ്വതന്ത്രമായൊരന്വേഷണം നടത്താൻ ശ്രമിച്ച ബി.ആർ.പി. ഭാസ്കറിനെ പോലീസ് നക്ഷലായി മുദ്രയടിച്ച് ജയിലിൽ പിടിച്ചിടാൻ ശ്രമിച്ചതായിരുന്നു. സാംസ്കാരിക പ്രവർത്തകർ ഒന്നാകെ ബഹളംകൂട്ടിയതുകൊണ്ടുമാത്രം അദ്ദേഹം രക്ഷപ്പെട്ടു. നിക്ഷിപ്ത താൽപര്യക്കാർക്കെതിരെ പ്രവർത്തിക്കുന്നവരെയെല്ലാം

പണ്ട് കമ്യൂണിസ്റ്റായി മുദ്രയടിക്കുകയാണ് പതിവ്. ഇപ്പോൾ അവരെയെല്ലാം നക്ഷലായി മുദ്രയടിക്കുന്നു.

1947ൽ നമ്മൾ ഗാന്ധിജിയുടെ മാർഗ്ഗത്തെ വലിച്ചെറിഞ്ഞു. അതിന്റെ ദുരന്ത ഫലമായിരുന്നു 1975 ലെ അടിയന്തരാവസ്ഥ. ജനാധിപത്യം തന്നെ കൊഴിഞ്ഞു പോകുമെന്ന ഒരാപൽഘട്ടത്തിൽ ജയപ്രകാശ് ഇന്ത്യയുടെ രക്ഷക്കെത്തി. പക്ഷെ കാര്യം നേടി കഴിഞ്ഞതോടെ നാം ജയപ്രകാശിനേയും അദ്ദേഹത്തിന്റെ സമ്പൂർണ്ണ വിപ്ലവത്തേയും വലിച്ചെറിഞ്ഞു. അതിന്റെ ദുഷ്ഫലമാണിപ്പോൾ മധ്യേന്ത്യൻ സംസ്ഥാനങ്ങളിൽ അനുഭവപ്പെട്ടുവരുന്നത്. സാക്ഷരതപോലും കമ്മിയായ ജനങ്ങൾക്കെന്ത് നക്ഷലിസമാണ്? എന്ത് മാവോയിസമാണ്? തങ്ങളുടെ വെള്ളവും ഭൂമിയും സംരക്ഷിക്കാനുള്ള പോരാട്ടത്തിലാണ് അവർ വ്യാപൃതരായിരിക്കുന്നത്. ഗോത്രവർഗ്ഗക്കാരുടെ ഭൂമിക്കടിയിൽ കിടക്കുന്ന പൊന്ന്-കൽക്കരി, ഇരുമ്പയിര്, ചെമ്പയിര് തുടങ്ങിയവയെല്ലാം-തട്ടിയെടുക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന സ്വദേശീയരും വിദേശീയരുമായ മുതലാളിമാരും അവരിൽനിന്ന് വിയർപ്പൊഴുക്കാതെ പങ്കുപറ്റുന്ന ഭരണാധികാരികളും കൂടി ഗോത്രവർഗ്ഗക്കാരെ ആട്ടിയോടിക്കാൻ ശ്രമിക്കുന്നു; ഗോത്രവർഗ്ഗക്കാർ അതിനെ പല്ലും നഖവുമുപയോഗിച്ച് ചെറുക്കുന്നു. അതാണിന്ന് മധ്യേന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്ന് നക്ഷലിസമെന്നോ മാവോയിസമെന്നോ എന്തു പേരിട്ടാലും വിരോധമില്ല.

ഇറാഖിൽ ആളൊന്നുക്ക് ഒരു ബോംബു വീതം വർഷിച്ചിട്ടും ഇറാഖിലെ ജനങ്ങളെ പാട്ടിലാക്കാൻ അമേരിക്കക്ക് കഴിഞ്ഞിട്ടില്ല. അഫ്ഘാനിസ്ഥാനിൽ ജനങ്ങളേക്കാളേറെ പട്ടാളക്കാരെ വിന്യസിച്ചിട്ടും ഫലമൊന്നുമുണ്ടായിട്ടില്ല. മധ്യേന്ത്യയിലെ ആദിവാസികളെ ഒതുക്കാൻ ബ്രിട്ടീഷുകാർ പണ്ട് പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും ഫലമൊന്നുമുണ്ടായില്ല. മനുഷ്യനായാൽ കണ്ടാലറിയണം; അതല്ലെങ്കിൽ കൊണ്ടാലെങ്കിലും അറിയണം. കണ്ടാലും കൊണ്ടാലും പഠിക്കാത്തവരെ പഠിപ്പിക്കാൻ കാലത്തിന്നു മാത്രമേ കഴിയൂ.

ഹിംസയെല്ലാം ഉപേക്ഷിച്ച്, രാമനാമം ജപിച്ചുകൊണ്ട്, ദൽഹിയിൽ ചെന്നാൽ ചർച്ച നടത്താമെന്നാണ് ചിദംബരം ആവർത്തിച്ചു പറയുന്നത്. പക്ഷെ ഒരു ശങ്ക അവശേഷിക്കുന്നു. ലോകത്തിൽ എവിടെയെങ്കിലും അങ്ങനെയൊന്നു സംഭവിച്ചിട്ടുണ്ടോ? ഹിംസയെല്ലാം ഉപേക്ഷിച്ച്, ഭസ്മക്കുറിയുമിട്ട്, ചർച്ചക്കു ചെന്ന ഒരു കക്ഷിയെയെങ്കിലും ചിദംബരത്തിന്ന് ചൂണ്ടിക്കാട്ടാനാകുമോ? 1971 ലെ യുദ്ധത്തിൽ തോറ്റമ്പി, ഗതികെട്ട്, സിംലയിൽ ചർച്ചക്കായി വന്ന ഭൂട്ടോ പോലും ആയിരം കൊല്ലത്തെ യുദ്ധത്തിന്ന് മുന്നറിയിപ്പു നൽകിയിട്ടാണ് പോയതെന്നോർക്കുക.

ആയുധംവച്ച് കീഴടങ്ങാൻ ഒരു വ്യക്തിയോട് ആവശ്യപ്പെടാം. എന്നാൽ ഒരു പ്രസ്ഥാനത്തോട് ഇന്നേവരെ അങ്ങനെ ആരും ആവശ്യപ്പെട്ടിട്ടില്ല; ആവശ്യപ്പെടാനാവില്ല; ആവശ്യപ്പെട്ടാലും ഫലവുമുണ്ടാവില്ല. ചർച്ച നടത്തി ആയുധം വയ്ക്കുകയാണ്, ആയുധം വച്ച് ചർച്ചനടത്തുകയല്ല ലോകത്തിലെവിടേയും പതിവ്.

അക്രമം ഉപേക്ഷിച്ചാൽ ചർച്ചയാകാമെന്ന് ചിദംബരം പറയുന്നത് പത്രക്കാരോടാണ്. പാവപ്പെട്ട പത്രക്കാർ ഇതിലെന്തുചെയ്യാനാണ്. മാവോയിസ്റ്റുകൾ പത്രം വായിക്കുന്നുണ്ടോ എന്നുപോലും നമുക്കറിയില്ല. സാധാരണക്കാരെപ്പോലെ വരിസംഖ്യ കൊടുത്ത് പത്രം വരുത്തുന്നവരാകില്ല മാവോയിസ്റ്റുകൾ. സദാസമയവും പോലീസിനെ വേട്ടയാടുകയും പോലീസിനാൽ വേട്ടയാടപ്പെടുകയും ചെയ്യുന്ന മാവോയിസ്റ്റുകൾക്കെവിടെയാണ് പത്രം വായിക്കാനും വിശകലനം നടത്താനും സൗകര്യം. ലഭിക്കുന്നത്? ഇതൊക്കെ ശുദ്ധ അസംബന്ധങ്ങളാണ്.

തർക്ക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗം പത്രസമ്മേളനമല്ലെന്ന് ഗവർമ്മേണ്ടിന്നറിയാം. എത്രയെത്ര തർക്കപ്രശ്നങ്ങൾ ഗവർമ്മേണ്ട് ഇതിന്നുമുമ്പ് പരിഹരിച്ചിരിക്കുന്നു! എത്രയെത്ര തർക്കങ്ങൾ ഇപ്പോഴും ചർച്ചാഘട്ടത്തിൽ നിൽക്കുന്നു. നാഗാപ്രശ്നം പരിഹരിച്ചതെങ്ങനെയാണ്? മിസോ പ്രശ്നം പരിഹരിച്ചതെങ്ങനെയാണ്? കാശ്മീർ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതെങ്ങനെയാണ്? പത്രസമ്മേളനത്തിലൂടെയോ പത്രപ്രസ്താവനയിലൂടെയോ ഒരു തർക്ക പ്രശ്നവും പരിഹരിക്കാനാവില്ല; ഇന്നേവരെ അങ്ങനെയൊന്നുണ്ടായിട്ടുമില്ല. ഇരുകക്ഷികൾക്കും വിശ്വാസമുള്ള മധ്യസ്ഥരെ രംഗത്തിറക്കുക എന്നതാണ് തർക്കപരിഹാരത്തിന്റെ ഒന്നാമത്തെ പടി. പണ്ട് വടക്കൻ ബീഹാറിൽ നക്ഷലുകൾ വല്ലാത്തൊരു ശല്യമായിരുന്നു. അന്നു ജയപ്രകാശ് നാരായൺ മധ്യസ്ഥനായി രംഗത്തിറങ്ങി. അദ്ദേഹം നക്ഷൽ താവളങ്ങളിൽ ചെന്ന് സംസാരിച്ചു. ഗവർമ്മേണ്ടിന്നും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ സ്വീകാര്യമായിരുന്നു. അങ്ങനെയാണ് വടക്കൻ ബീഹാർ നക്ഷൽ ശല്യത്തിൽനിന്ന് വിമുക്തമായത്.

ഇന്നത്തെ പ്രധാന പ്രശ്നം നക്ഷൽ/ മാവോയിസ്റ്റ് പ്രശ്നത്തിൽ മധ്യസ്ഥത വഹിക്കാൻ ആരുമില്ലെന്നതാണ്. സദുദ്ദേശത്തോടെ ആരെങ്കിലും രംഗത്തിറങ്ങിയാൽ ഗവർമ്മേണ്ട് അയാളെ നക്ഷൽ മുദ്രയടിച്ച് ജയിലിൽ പിടിച്ചിടും. അപ്പോൾ പിന്നെ ആയുധബലത്തിലൂടെ മാത്രമേ പ്രശ്നം പരിഹരിക്കാനാകൂ. ആദിവാസികളെ സംബന്ധിച്ചിടത്തോളം ആയുധം ഒരു പ്രശ്നമല്ല. പോലീസ് തോക്കും ബോംബും ലാത്തിയുമായെല്ലാം വരുമ്പോൾ, ആദിവാസികൾ വെറും ഉരുളൻ കല്ലുമായി അവരെ നേരിടും. അവർക്ക് പണം ഒരു പ്രശ്നമല്ല. അനീതിയോടും അന്യായത്തോടും പോരാടി തഴക്കം വന്നവരാണവർ മരണം പോലും അവർക്കൊരു പ്രശ്നമല്ല. അതുകൊണ്ടാണ് മാവോയിസത്തിലേക്കുള്ള റിക്രൂട്ട്മെന്റ് ഇത്ര സുഗമമാകുന്നത്.

മാവോയിസ്റ്റ് പ്രശ്നം എന്താണെന്നതിനെക്കുറിച്ച് വ്യക്തമായൊരു ധാരണയാണ് ഗവർമ്മേണ്ടിന്ന് ആദ്യമായുണ്ടാകേണ്ടത്. സമര രംഗത്തുള്ള മറ്റു പലരേയുമെന്നപോലെ, മാവോയിസ്റ്റുകൾക്ക് ആവശ്യങ്ങളൊന്നുമില്ല. അവർക്ക് പണം വേണ്ട; അധികാരം വേണ്ട. അവർക്കാവശ്യം നീതിയാണ്. വെറും നീതി. അത് സ്വന്തക്കാർക്കോ ബന്ധുക്കൾക്കോ അല്ല. ജനങ്ങൾക്കാണത് നൽകേണ്ടത്. അർദ്ധ നഗ്നരായി, അമ്പും വില്ലുമേന്തി കാട്ടിൽ അലഞ്ഞു നടക്കുന്ന പാവങ്ങളുടെ സമ്പത്ത് തട്ടിപ്പറിക്കരുത്; അവരെ ജീവിക്കാൻ അനുവദിക്കണം. അത്രയേ മാവോയിസ്റ്റുകൾ ആവശ്യപ്പെടുന്നുള്ളൂ. അതിന്നവർ യാചിക്കാനൊന്നും വരില്ല. കാരണം ഭൂമി അവരുടേതാണ്; വെള്ളം അവരുടേതാണ്; വായു അവരുടേതാണ്. പിന്നെ എന്തു യാചിക്കാനാണ്?

ആദിവാസിക്കാര്യത്തിൽ ചിദംബരവും ഗവർമ്മേണ്ടും അതിബുദ്ധി കാണിക്കുകയാണ്. അവരെ പേടിപ്പിച്ച് ഒതുക്കാനും കൊന്നൊതുക്കാനുമാണ് സർക്കാരിന്റെ ശ്രമം. രണ്ടും നടക്കില്ല. കാരണം പേടി എന്തെന്ന് അവർക്കറിയില്ല. മരണം അവർക്കൊരു പ്രശ്നവുമല്ല. അതിനാൽ ചിദംബരവും ഗവർമ്മേണ്ടും ഒരു വീണ്ടുവിചാരത്തിന്നു മുതിരുന്നത് നല്ലതാണ്. ❏

# ഇവിടെ നടക്കുന്നതെന്തെന്ന് നിങ്ങൾക്കറിയാമോ?

“കോബ്ര പോസ്റ്റിന്റെ” പത്രാധിപരായ അനിരുദ്ധ ബഹൽ തന്റെ രാവുകളെല്ലാം നോവൽ രചനക്കാണ് വിനിയോഗിച്ചിരുന്നത്. ഇത് പഴയ കഥ. ബഹലിന്റെ പ്രസിദ്ധമായ “ഓപ്പറേഷൻ ദുര്യോധന”ക്കു മുമ്പുള്ള കഥയാണത്. പാർലിമെന്റിൽ ചോദ്യം ചോദിക്കാൻ ചില എം.പി. മാർ പണം വാങ്ങിയിരുന്ന കഥ നിങ്ങൾ മറന്നിരിക്കില്ല. ആ കുംഭകോണം പുറത്തു കൊണ്ടുവന്നത് ബഹലാണ് - അതാണ് ഓപ്പറേഷൻ ദുര്യോധന.

ഈയൊരു സംഭവം ബഹലിന്റെ ജീവിതത്തെയാകെ മാറ്റിമറിച്ചു. തനിക്കെതിരെ കോടതികളിലുള്ളത് എത്ര കേസാണെന്ന് ബഹലിന്നുതന്നെ അറിയില്ല. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കോടതിയിൽ ഹാജർ കൊടുക്കണം. ഔദ്യോഗിക രഹസ്യം ചോർത്തിയതായി പോലും ബഹലിന്നെതിരെ കേസുണ്ട്.

ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഇന്ത്യയിൽ ഒട്ടേറെ ബഹൽമാരുണ്ട്. ഏപ്രിൽ ആദ്യത്തിൽ മനുഷ്യാവകാശസ സംഘടനകൾ ദൽഹിയിൽ സംഘടിപ്പിച്ച “മാധ്യമങ്ങളും നിയമവും” എന്ന വിഷയം സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്ത അനേകം പേർ തങ്ങൾക്കുണ്ടായ ദുരനുഭവങ്ങളെപ്പറ്റി പറയുകയുണ്ടായി. പത്രദ്രോഹം ഏറ്റവുമധികം നടക്കുന്നത് നാട്ടിൻ പുറങ്ങളിലാണ്. അവിടങ്ങളിൽ പത്രക്കാർ ഒറ്റക്ക് പോരാടുന്നു. നിയമമുണ്ടെങ്കിൽ അതിനെ ഉപയോഗപ്പെടുത്താം; അതിനെ ദുരുപയോഗപ്പെടുത്തുകയും ചെയ്യാം. ഇന്ത്യയിൽ നടക്കുന്നതിലധികവും ദുരുപയോഗപ്പെടുത്തലാണ്.

ഇന്റർനെറ്റ് ഇന്ന് സർവ്വ വ്യാപിയാണ്. നിങ്ങൾക്കതിൽനിന്ന് ആവശ്യമുളള രേഖ പകർത്തിയെടുക്കാം. അഥവാ അങ്ങനെയാണ് സങ്കൽപം. പക്ഷെ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യമായ ഇന്ത്യയിൽ അതു നിങ്ങളെ ജയിലിലെത്തിച്ചെന്നുവരും. 2003ൽ പത്രക്കാരനായ ഇഫ്തിഖർ ജിലാനി ജയിലിലെത്തിയത് അങ്ങനെയാണ്. ഔദ്യോഗിക രഹസ്യ രേഖ ചോർത്തി എന്നായിരുന്നു കേസ്.

അവകാശങ്ങൾക്ക് വേണ്ടി പോരാടാൻ ദളിതുകളും സ്ത്രീകളും ന്യൂനപക്ഷക്കാരും കർഷകരും ആദിവാസികളുമെല്ലാം സംഘടിക്കണമെന്ന് നിങ്ങൾ പറഞ്ഞുപോയാൽ, നിങ്ങൾ ചെയ്തത് കടുത്ത രാജ്യദ്രോഹകുറ്റമാണെന്ന് സർക്കാർ പറയും. പറയുമെന്നല്ല പൗരസ്വാതന്ത്ര്യ യൂണിയന്റെ വൈസ് പ്രസ്ഡണ്ടായ ഡോ. രതി റാവുവിന്നു പോലീസ് നൽകിയിരിക്കുന്ന നോട്ടീസിൽ പറയുന്ന കുറ്റകൃത്യം ഇതാണ്.

ഗിലാനിയെ അറസ്റ്റ് ചെയ്തപ്പോൾ പറഞ്ഞത് അത് രാജ്യ താൽപര്യത്തെ മുൻനിർത്തിയാണെന്നാണ്. പിന്നീട് ഗിലാനിയെ വിട്ടയച്ചപ്പോൾ പറഞ്ഞത് അത് പൊതു താൽപര്യത്തെ മുൻനിർത്തിയാണെന്നാണ്. ഏതായാലും ഏഴുമാസം ജയിലിൽ കിടക്കേണ്ടിവന്നു.

തന്നെപ്പോലെ ഒട്ടേറെ നിരപരാധികൾ കാശ്മീരിലെ ജയിലുകളിൽ കിടന്നു നരയ്ക്കുന്നുണ്ടെന്ന് ഗിലാനി പറഞ്ഞു. ഒരു ക്രിക്കറ്റ് ഗ്രൗണ്ടിൽ കുഴി കുത്തിയെന്ന കുറ്റത്തിന്ന് പൊതുരക്ഷാ നിയമ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട ഒരാൾ പന്ത്രണ്ടുകൊല്ലമായി ജയിലിൽ കിടക്കുന്ന വിവരവും അദ്ദേഹം വെളിപ്പെടുത്തി.

പാക്കിസ്താനുവേണ്ടി ചാരവൃത്തി നടത്തി എന്നു പറഞ്ഞാണ് “പുക്കാറി”ന്റെ പത്രാധിപരായ മഖ്ബൂൽ സഹിലിനെ പൊതുരക്ഷാ നിയമപ്രകാരം അറസ്റ്റ് ചെയ്തത്. ജയിലിൽ തനിക്കനുഭവിക്കേണ്ടിവന്ന മൂന്നാം മുറകളും അദ്ദേഹം വിവരിച്ചു. 90കളിൽ തീവ്രവാദികൾ അക്രമങ്ങൾ അഴിച്ചുവിട്ടതിന്നു ശേഷം കാശ്മീരിലെ പത്രപ്രവർത്തകർ കടുത്ത വെല്ലുവിളിയെയാണ് നേരിടുന്നത്. ഗവർമ്മേണ്ടിന്റെ പ്രത്യക്ഷവും പരോക്ഷവുമായ അതിക്രമങ്ങൾക്കിരയായി ഇതിന്നകം പതിനൊന്നു പത്രപ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട്. വിചാരണപോലും കൂടാതെ മുപ്പതുമാസമാണ് എന്നെ ജയിലിലിട്ടത്. അവസാനം 2008 ജനുവരിയിൽ വിട്ടയച്ചപ്പോഴേക്കും പത്രലോകവുമായുള്ള സകല ബന്ധവും അറ്റുപോയിരുന്നു. ഹൂറിയത്തുകാർ എന്നെ പാട്ടിലാക്കാൻ നോക്കി. ഞാനത് തിരസ്കരിച്ചു. ഒടുവിൽ ഞാൻ വീണ്ടും പത്രപ്രവർത്തന രംഗത്തെത്തി എന്ന് സഹിൽ പറഞ്ഞു.

സംഘർഷമേഖലകളിൽ ജീവിതം അസാധ്യമായിരിക്കുകയാണെന്ന് മണിപ്പൂരിലെ ഒരു പത്രാധിപരായ ഐരങ്ബാം അരുൺ പറഞ്ഞു. കരുതൽ തടങ്കൽ, ഭീഷണികൾ, ഏറ്റുമുട്ടലുകൾ എന്നിവയെയെല്ലാം അതിജീവിക്കേണ്ടതുണ്ട്. സായുധസേനക്കായി ഒരു പ്രത്യേക നിയമമുണ്ട്. അവർ എന്തു ചെയ്താലും ചോദിക്കാൻ പാടില്ല. ഈ നിയമം ഇപ്പോൾ പോലീസിലേക്കും പടർന്നുപിടിച്ചിരിക്കുകയാണെന്ന് അരുൺ പറഞ്ഞു. ആറു പത്രപ്രവർത്തകർ മണിപ്പൂരിൽ “ഏറ്റുമുട്ടലു”കളിൽ കൊല്ലപ്പെട്ടിട്ടുണ്ട്. പട്ടാളക്കാരാണോ വെടിവച്ചത് പോലീസാണോ അതോ തീവ്രവാദികളാണോ എന്നൊന്നും ആർക്കും ഒരു പിടിയും കിട്ടില്ല.

ഒറീസയിലധികവും പിന്നോക്ക പ്രദേശങ്ങളാണ്; കാട്ടുമൂലകളാണ്. പോരെങ്കിൽ നക്ഷൽ ഇമ്പാച്ചിയും. നിങ്ങൾക്കവിടെ ആരേയും വെടിവച്ചുകൊല്ലാം. സംഘട്ടനത്തിൽ മരിച്ചതാണെന്നു പറഞ്ഞാൽ കേസ് തീർന്നു! കുട്ടികളെപ്പോലും ജയിലിലിട്ടിട്ടുണ്ട് എന്ന് ദേശദ്രോഹകുറ്റം ചുമത്തപ്പെട്ട പത്രപ്രവർത്തകനായ ഖുട്ടുറാം സുനാനി പറഞ്ഞു.

യു.പി. യിലെ ലഖിംപുരിലെ പത്രപ്രവർത്തകനായ സമുദീൻ നീലു തലനാരിഴക്കാണ് രക്ഷപ്പെട്ടത്. “അമർ ഉജാല” പത്രാധിപരാണിദ്ദേഹം. നീലുവിൽനിന്ന് ഒരു സിംഹത്തിന്റെ നഖം, കണ്ടാമൃഗത്തിന്റെ തോല്, ഒരു ചന്ദനകഷണം എന്നിവ പിടിച്ചെടുത്തതായി പോലീസ് രേഖയുണ്ടാക്കി. അതിന്റെ പേരിൽ ഏറെകാലം ജയിലിൽ കിടന്നു. ഒടുവിൽ കേസ് തള്ളിപ്പോയി നീലുവിനെ നിയമവിരുദ്ധമായി തടങ്ങലിലിട്ടതിന് അഞ്ചുലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ മനുഷ്യാവകാശ കമ്മീഷൻ യു.പി. ഗവർമ്മേണ്ടിനോടാവശ്യപ്പെട്ടു.

കാശ്മീരിലെ പത്രപ്രവർത്തകനായ ഗീലാനിക്ക് പത്രക്കാരെക്കുറിച്ചും ധാരാളം പറയാനുണ്ട്. ഒരിക്കൽ പോലീസ് ഗീലാനിയുടെ വീട്ടിൽ പരിശോധന നടത്തി. ഗീലാനിയുടെ സാന്നിധ്യത്തിലായിരുന്നു പരിശോധന. പക്ഷെ താൻ ഒളിവിലാണെന്നായിരുന്നു ടെലിവിഷൻ വാർത്ത. പത്രക്കാർ ഒരു പടി കൂടി കടന്നു. താൻ ഐ.എസ്.ഐ. ഏജന്റാണെന്ന് കോടതിയിൽ കുറ്റസമ്മതം നടത്തിയതായി പത്രങ്ങൾ റിപ്പോർട്ടു ചെയ്തു. ഒരു പത്രപ്രവർത്തകനായ എന്നോട് പത്രങ്ങൾ ഇങ്ങനെയാണ് പെരുമാറിയതെങ്കിൽ, മറ്റുള്ളവരുടെ കഥ എന്താകും? പത്രക്കാർ അവിശ്വാസത്തിന്റേതായ ഒരന്തരീക്ഷം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. പോലീസിന്ന് കോടതിയിൽ ഹാജരാക്കാൻ തെളിവൊന്നുമില്ലാത്തതിനാൽ

അവർ പത്രക്കാരെ കരുവാക്കുകയാണെന്ന് ഗീലാനി പറയുന്നു.

ഇന്നത്തെ കോർട്ടലക്ഷ്യ നിയമം ആകെ അഴിച്ചുപണിയണമെന്ന് ഈയിടെ ദൽഹി ചീഫ് ജസ്റ്റീസായി റിട്ടയർ ചെയ്ത ജ. എ.പി. ഷാ നിർദ്ദേശിച്ചു. അപൂർവ്വങ്ങളിൽവച്ച് ഏറ്റവും അപൂർവ്വമായ കേസിലേ കോർട്ടലക്ഷ്യ നിയമം എടുത്തുപയോഗിക്കാവൂ.

ജഡ്ജിമാർ വിമർശനത്തിന്ന് അതീതമൊന്നുമല്ല. കോടതിയിൽ അഴിമതിയുണ്ടെന്ന് പത്രക്കാർ ആത്മാർത്ഥമായും വിശ്വസിക്കുന്നുണ്ടെങ്കിൽ അവരത് റിപ്പോർട്ട് ചെയ്യുകതന്നെവേണം. പക്ഷെ അതിന്നാവശ്യമായ തെളിവുണ്ടാകണം. അതുപോലെ വിചാരണയിലിരിക്കുന്ന കേസുകളെപ്പറ്റി അഭിപ്രായപ്രകടനം നടത്തുന്നതിലും തെറ്റൊന്നുമില്ല. വിമർശനങ്ങളെ നേരിടാനുള്ള തന്റേടം ജഡ്ജിമാർക്കുണ്ടാകണം എന്നു ജ. ഷാ പറഞ്ഞു.

കോർട്ടലക്ഷ്യ നിയമത്തിലെ അവ്യക്ത ഭാഗം ഉപേക്ഷിക്കണമെന്ന് പ്രഗത്ഭ അഭിഭാഷകനായ പ്രശാന്ത് ഭൂഷൻ ആവശ്യപ്പെട്ടു. "കോടതിയെ അവഹേളിക്കുകയും ന്യായാസനങ്ങളുടെ അധികാരത്തിന്ന് ക്ഷതമേൽപ്പിക്കുകയും" ചെയ്യുന്നത് ഇന്ന് കോർട്ടലക്ഷ്യമാണ്. എന്താണിതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ആർക്കും അറിയില്ല. ❑

# എന്തുകൊണ്ടാണ് അതാരും അറിയാതെ പോയത്

**- അജിത് ഭട്ടാചാർജി -**

ഫെബ്രുവരി 27ന്ന് ദൽഹിയിൽ ഒരു പ്രതിഷേധ യോഗം നടന്നിരുന്നു. പ്രമുഖ പൗരാവകാശ സംഘടനകളുടെ ആഭിമുഖ്യത്തിലുള്ളതായിരുന്നു അത്. ഗവർമ്മേണ്ടിന്റെ മാവോയിസ്റ്റ് വിരുദ്ധ തന്ത്രങ്ങൾ പ്രകാരം സ്വീകരിക്കുന്ന നടപടികളെ വിമർശിച്ച പൗരാവകാശ സംഘടനകളുടെ നേരെ ഗവർമ്മേണ്ട് കുതിരകയറുന്നതിൽ പ്രതിഷേധിക്കാനുള്ളതായിരുന്നു പ്രസ്തുത യോഗം. മാവോയിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ താത്വികാചാര്യനായ കോബാഡ് ഘണ്ടിക്കെതിരെ ഗവർമ്മേണ്ട് ഒരാഴ്ചമുമ്പ് 700 പേജ് വരുന്ന ഒരു കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിരുന്നു. പൗര സ്വാതന്ത്ര്യത്തിന്നുവേണ്ടി പ്രവർത്തിച്ചുവരുന്ന ഒട്ടേറെ വ്യക്തികളേയും സംഘടനകളേയും അതിൽ പ്രതികളാക്കിയിട്ടുണ്ട്. തീർത്തും നിയമവിധേയമായും ജനാധിപത്യപരമായും പ്രവർത്തിച്ചുവരുന്ന വ്യക്തികളും സംഘടനകളുമാണ് ഇവ. കുടിയിറക്കപ്പെട്ടവർക്കു വേണ്ടിയും ഗ്രാമങ്ങളിലെ ദരിദ്രർക്കുവേണ്ടിയും ജാതീയ വിവേചനങ്ങൾക്കെതിരായും വംശീയ സ്പർദ്ധക്കെതിരായും കസ്റ്റഡിമരണത്തിന്നെതിരായുമെല്ലാം പ്രവർത്തിക്കുന്ന സംഘടനകളാണിവ. ഇവയിലൊന്നുപോലും നിയമവിരുദ്ധമല്ല.

പ്രമുഖ നേതാക്കൾ പങ്കെടുത്ത ഈ യോഗത്തിന്റെ നടപടികൾ റിപ്പോർട്ട് ചെയ്യാനായി പതിവനുസരിച്ച് ഒട്ടേറെ ടെലിവിഷൻ ചാനലുകളുടെ ക്യാമറാമാൻമാരും ധാരാളം പത്ര റിപ്പോർട്ടർമാരും എത്തിയിരുന്നു. എന്നാൽ ദൃശ്യമാധ്യമങ്ങളെല്ലാം ഈ പരിപാടി പാടെ തമസ്കരിക്കുകയാണുണ്ടായത്. അതുപോലെ മിക്ക പത്രങ്ങളും ഈ വാർത്ത തമസ്കരിച്ചു.

ഇവിടത്തെ പ്രശ്നം ശരിയും തെറ്റുമല്ല. സർക്കാർ നയം തെറ്റാകാം, ശരിയാകാം; അതുപോലെ മാവോയിസ്റ്റ് നടപടികൾ തെറ്റാകാം, ശരിയാകാം. ഇവിടത്തെ പ്രശ്നം മാധ്യമങ്ങൾ മറ്റുള്ളവരുടെ വായ മൂടിക്കെട്ടാവുന്നതാണോ എന്നതാണ്. ഒരു പ്രധാന പ്രശ്നത്തിൽനിന്ന് ശ്രദ്ധ വ്യതിചലിപ്പിക്കാവുന്നതാണോ എന്നതാണ്. പൗരാവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളെ ഗവർമ്മേണ്ട് കരിതേച്ചു കാണിക്കുന്നത് അനുവദനീയമാണോ എന്നതാണ്.

മുഖ്യധാരയിൽപെട്ട മാധ്യമങ്ങൾ അധികൃതരെ പിണക്കാതിരിക്കാൻ എന്നും ശ്രദ്ധിക്കാറുണ്ട്. ഒരു പത്രപ്രവർത്തകനെന്ന നിലക്ക് എനിക്കതിന്റെ കാരണവും അറിയാം. ഗവർമ്മേണ്ടിന്ന് അതിന്റെ ഇഷ്ടാനിഷ്ടങ്ങൾ പ്രകടിപ്പിക്കാനും അത് പ്രയോഗത്തിൽ കൊണ്ടുവരാനും പല മാർഗ്ഗങ്ങളുണ്ട്. സർക്കാരിന്നെതിരായി നിൽക്കുക എന്നത് ഒരു പത്രപ്രവർത്തകന്നും സുഖമുള്ള കാര്യമല്ല. ഒരു വാർത്ത പ്രസിദ്ധീകരിക്കരുത് എന്ന് പത്രക്കാരന്റെ മുഖത്തുനോക്കി പറയുന്നത് അത്ര ഭംഗിയല്ല; എന്നാൽ മറ്റു പല മാർഗ്ഗങ്ങളിലൂടേയും വാർത്ത തമസ്കരിപ്പിക്കാൻ ഗവർമ്മേണ്ടിന്നു കഴിയും.

ഇന്ത്യാ ചരിത്രത്തിലെ വളരെ വിഷമം പിടിച്ച ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഭീകരപ്രവർത്തനങ്ങളെക്കുറിച്ചുള്ള ജനങ്ങളുടെ ഭീതി മുതലാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടു പോകുന്നത്. സംഭീതരായി കഴിയുന്ന ഇടത്തരക്കാരുടെ ഭീതിയാണ് സർക്കാരിന്റെ കൈമുതൽ. ഭീകര ഭീഷണിയെ നേരിടാനാണെന്നു പറഞ്ഞാൽ ഏതു മാരക നിയമവും സർക്കാരിനിപ്പോൾ പാസാക്കിയെടുക്കാം. ജനങ്ങളിങ്ങനെ പേടിച്ചരണ്ടു കഴിയുന്ന അവസരത്തിൽ, ഗവർമ്മേണ്ടിന്നെതിരെ എന്തെങ്കിലും പറയുക വിഷമമാണ്.

എന്നാൽ കാര്യങ്ങൾ തുറന്നു പറയുകയും സർക്കാർ നടപടികളെ ചോദ്യം ചെയ്യുന്നതുമാണ് കൂടതൽ പ്രധാനമായ കാര്യമെന്ന് നാം ഓർത്തിരിക്കേണ്ടത് വളരെ പ്രധാനമാണ്.

അക്രമങ്ങൾ കാണിക്കുന്നില്ലെങ്കിൽ, നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ലെങ്കിൽ, ഒരു തീവ്രവാദവും ശിക്ഷാർഹമായ കുറ്റമല്ല. പക്വതവന്ന ജനാധിപത്യങ്ങളിലെല്ലാം ഇതാണ് സ്ഥിതി. പല ബുദ്ധിജീവികളും ഇന്നും ഞാണിന്മേൽ കളിക്കുന്നവരാണ്. അസഹനീയമായ അനീതിക്കുമുന്നിൽ നിങ്ങളെന്തു ചെയ്യും? ഇതിന്നൊരു പരിഹാരമാർഗ്ഗവുമില്ലെന്നു കൂടിവന്നാലോ?

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്നും സാമൂഹ്യ പരിഷ്ക്കരണത്തിന്നും നേതൃത്വം നൽകിയ ആളാണ് ജയപ്രകാശ് നാരായൺ. എന്റെ മാർഗ്ഗദർശികൂടിയാണദ്ദേഹം. ഒരിക്കൽ നക്ഷൽ മേഖലകളിൽ സന്ദർശനം നടത്തിയശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഇന്നത്തെ സാമൂഹ്യ തിന്മകൾക്കും സർക്കാരിന്റെ ദുർനടപടികൾക്കും അറുതി വരുത്താനായില്ലെങ്കിൽ ഞാനും ഹിംസാമാർഗ്ഗത്തിലേക്ക് തിരിയും".

ജനങ്ങൾ ഇന്ന് ഇത്തരമൊരു വൈരുധ്യത്തെയാണ് അഭിമുഖീകരിക്കുന്നത്. അതുമാത്രമല്ല മാധ്യമങ്ങൾ ഇന്ന് നക്ഷലിസത്തെ അവതരിപ്പിക്കുന്നത് ഹിംസവേണോ ജനാധിപത്യം വേണോ എന്ന നിലക്കാണ്. ഇപ്പോൾ കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി പി ചിദംബരം പോലും പറഞ്ഞുകൊണ്ടേയിരിക്കുന്നത്, പൗരാവകാശ സംഘടനകളും ബുദ്ധിജീവികളും മാവോയിസ്റ്റുകളെ സഹായിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. ഇന്ത്യയിലെ മധ്യവർഗ്ഗങ്ങൾ ഈ പല്ലവിയുടെ താളം കേട്ട് മയങ്ങികിടക്കുന്നവരാണ്. ആരും ഒന്നിനേയും ചോദ്യം ചെയ്യുന്നില്ല.

ഹിംസ എന്ന ആശയംതന്നെ പിടിതരാത്ത ഒന്നാണ്. അത് എന്തെന്ന് മനസ്സിലാക്കുക വിഷമകരമാണ്. അത് പ്രത്യക്ഷത്തിൽ മധ്യവർഗ്ഗത്തെയല്ല

# ചോദ്യം ചെയ്യാൻ വന്നവരോട് ഒരു പിടി ചോദ്യങ്ങൾ

സുപ്രീം കോടതി നിയോഗിച്ച സ്പെഷൽ അന്വേഷണസംഘം ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിക്ക് മാർച്ച് 12-ന്ന് ഒരു സമൺസയച്ചുവെന്നത് സംബന്ധിച്ച് മാധ്യമങ്ങളുയർത്തിയ ബഹളം പെട്ടെന്നുതന്നെ അണഞ്ഞുപോയി. മാർച്ച് 15-ന്ന് സുപ്രീം കോടതിയിൽ വരുന്ന മറ്റൊരു കേസിൽ മുഖ്യമന്ത്രി മോഡിക്കെതിരായ വല്ല പ്രതികൂല പരാമർശവും ഉണ്ടാകുന്നത് തടയാൻവേണ്ടിയുള്ള ഒരു തന്ത്രം മാത്രമായിരുന്നു അതെന്ന് വേഗംതന്നെ തെളിഞ്ഞു.

നിയമപരമായ ഭാഷയിൽ പറഞ്ഞാൽ, മോഡിക്കയച്ചുവെന്നു പറയുന്ന സമൺസ്; സമൺസല്ല. കാരണം സുപ്രീം കോടതിയിൽ സമർപ്പിക്കപ്പെട്ട ഹരജിയിൽ പറയുന്ന പ്രതികളായ മോഡിക്കും മറ്റ് 62 പേർക്കുമെതിരെ സ്പെഷൽ അന്വേഷണ സംഘം ഇനിയും ഒരു പ്രഥമവിവര റിപ്പോർട്ട് (FIR) രജിസ്റ്റർ ചെയ്തിട്ടില്ല.

കൊല്ലപ്പെട്ട കോൺഗ്രസ്സ് എം.പി. യായ ജഫ്രിയുടെ പത്നി സക്കിയയും നീതിക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സംഘടനയുമാണ് സുപ്രീം കോടതിയിൽ ഹരജി സമർപ്പിച്ചിരിക്കുന്നത്. തക്കതായ നടപടിയെടുക്കാൻ സുപ്രീം കോടതി ഒരു കൊല്ലംമുമ്പുതന്നെ സ്പെഷൽ അന്വേഷണ സംഘത്തിന്നു നിർദ്ദേശം നൽകിയിരുന്നു. ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു ആദ്യമായി വേണ്ടിയിരുന്നത്. എന്നാൽ ഇതുവരെ ➡ ഒന്നും ചെയ്തിട്ടില്ല.

അതിന്നർത്ഥം ആർക്കെങ്കിലും സമൺസയക്കാനോ ആരെയെങ്കിലും അറസ്റ്റ് ചെയ്യാനോ ആരെയെങ്കിലും ചോദ്യം ചെയ്യാനോ എവിടെയെങ്കിലും പരിശോധന നടത്താനോ ഒരധികാരവുമില്ലെന്നാണ്. മാർച്ച് 27-ന്ന് മോഡി സ്പെഷൽ അന്വേഷണ സംഘത്തിന്നു മുന്നിൽ ഹാജരായെങ്കിൽ അതിന്ന് പ്രത്യേകിച്ചൊരർത്ഥവുമില്ല. എന്നാൽ പിന്നെ ഈ നാടകത്തിന്റെയെല്ലാം അർത്ഥമെന്താണ്? മോഡി നിരപരാധിയാണെന്ന് വിധിക്കുന്നതിന്നുള്ള പുകമറ സൃഷ്ടിക്കലാണോ ഇത്?

ഗുജറാത്ത് നരഹത്യയുമായി ബന്ധപ്പെട്ട കേസുകളുടെ പുനരന്വേഷണത്തിന്നാണ് സുപ്രീം കോടതി പ്രത്യേകാന്വേഷണ സംഘത്തെ നിയോഗിച്ചിരിക്കുന്നത്. ഈ പ്രത്യേകാന്വേഷണ സംഘത്തിന്റെ ഇതുവരെയുള്ള പോക്ക് പഴയ ഗുജറാത്ത് പോലീസ് അന്വേഷണത്തിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. ഈ അന്വേഷണ സംഘത്തിലെ ചീത്തപ്പേരുള്ളവരെ മാറ്റാൻപോലും സംഘത്തിന്റെ തലവൻ തയ്യാറായിട്ടില്ല.

സൊഹ്റാബുദ്ദീൻ ഏറ്റുമുട്ടൽ കേസിൽ തെളിവു നശിപ്പിച്ചതിന്നും മറ്റും സുപ്രീം കോടതിയുടെ വിമർശനത്തിന്നു പാത്രമായ ആളാണ് സ്പെഷൽ അന്വേഷണ സംഘത്തിന്റെ കൺവീനർ. ഇയാളെ മാറ്റണമെന്ന് സ്പെഷൽ അന്വേഷണ സംഘം ചെയർമാന് ഇതുവരെ തോന്നിയിട്ടില്ല.

ജഫ്രിയുടെ പരാതിയിൽ പ്രതിയായ ഒരാളാണ് സ്പെഷൽ അന്വേഷണ സംഘത്തിലെ മറ്റൊരംഗം. സ്പെഷൽ അന്വേഷണ സംഘം പറയുന്നതുപോലെ പ്രവർത്തിക്കാൻ നിർബ്ബന്ധിച്ചതുമൂലം പബ്ലിക് പ്രോസിക്യൂട്ടർ ആർ. കെ. ഷാ രാജിവക്കുകയുണ്ടായി. ഇതിന്നു കാരണക്കാരൻ സ്പെഷൽ അന്വേഷണ സംഘത്തിലെ ഒരംഗമാണ്. സ്പെഷൽ അന്വേഷണ സംഘത്തിലെ രണ്ടു ജൂനിയർ പോലീസ് ഉദ്യോഗസ്ഥന്മാരാകട്ടെ, ഒരു ഏറ്റുമുട്ടൽ കേസിൽ ജുഡീഷ്യൽ മജിസ്ട്രേട്ടായ എസ്.പി. തമാങ്ങിന്റെ വിമർശനത്തിന്നു പാത്രമായവരുമാണ്.

തങ്ങൾ ഉന്നയിച്ച പ്രധാന പരാതികളും തങ്ങൾ ചൂണ്ടിക്കാണിച്ച പ്രധാന സാക്ഷികളും അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നാണ് കലാപത്തിന്നിരയായവർ പറയുന്നത്. ഗുൽബർഗ് സൊസൈറ്റിയിലെ കൂട്ടക്കൊല സംബന്ധിച്ച കേസിൽ തെഹൽക്ക പുറത്തുകൊണ്ടുവന്ന വിവരങ്ങൾ ഹാജരാക്കാൻ സ്പെഷൽ ജഡ്ജി ആവശ്യപ്പെടുകയുണ്ടായി. ഗുൽബർഗ് കൂട്ടക്കൊല, നരോദ കൂട്ടക്കൊല, സർദാർപുര കൂട്ടക്കൊല തുടങ്ങിയ കൂട്ടക്കൊലകളിലെല്ലാം പോലീസിന്നുള്ള ഉത്തരവാദിത്വം പരമാവധി താഴ്ത്തിക്കെട്ടാനാണ് സ്പെഷൽ അന്വേഷണ സംഘം ശ്രമിച്ചിരിക്കുന്നത്. ഇൻസ്പെക്ടറുടെ പദവിയിൽ താഴെയുള്ളവരെയാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. ഒരു പിടി ഇൻസ്പെക്ടർമാർക്ക് ഇത്ര ഭീകരമായ കലാപം സൃഷ്ടിക്കാൻ കഴിയുമോ?

ഇതൊക്കെവച്ചു നോക്കുമ്പോൾ സ്പെഷൽ അന്വേഷണ സംഘത്തേയുംവച്ച് മുഖ്യമന്ത്രി മോഡി സമർത്ഥമായി മുതലെടുപ്പു നടത്തിയിരിക്കുന്നുവെന്നു പറയേണ്ടിവരും. മോഡിക്കും കൂട്ടുകാർക്കും സ്പെഷൽ അന്വേഷണ സംഘത്തിൽനിന്ന് ഒരു സൽസ്വഭാവ സർട്ടിഫിക്കറ്റ് നേടാനായാൽ നമ്മുടെ നീതിന്യായ സംവിധാനത്തിന്ന് അതൊരു തീരാകളങ്കവുമാകും.

(ഗുജറാത്ത് കലാപകാലത്ത് അവിടത്തെ അസി. ഡി.ജി.പി. ആയിരുന്ന ആർ. ബി. ശ്രീകുമാർ ഏപ്രിൽ 10-ലെ തെഹൽകയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ സംഗ്രഹം.) ❏

---

ബാധിക്കുന്നത്. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടു കഴിയുന്ന ഗോത്രവർഗ്ഗങ്ങളെയാണത് ബാധിക്കുന്നത്. നിങ്ങൾ ചരിത്രത്തിലേക്കൊന്നു പിൻതിരിഞ്ഞു നോക്കിയാൽ, ഗോത്രവർഗ്ഗക്കാർ ബ്രിട്ടീഷുകാർക്കെതിരായി പോലും ആയുധമെടുത്ത് പോരാടിയവരാണെന്നു കാണാം. കാരണം, അവരുടെ ഭൂമിയും വെള്ളവും കവരാനായിരുന്നു ശ്രമം. ദീർഘകാലമായുള്ള അവഗണനമൂലം മനം മടുത്തു കഴിയുന്ന ഗോത്രവർഗ്ഗക്കാരുടെ ഈ സർക്കാർ വിരുദ്ധ മനോഭാവത്തെ മാവോയിസ്റ്റുകൾ ചൂഷണം ചെയ്യുന്നുവെന്നതാണ് കഷ്ടം.

ഇത്തരമൊരു സന്ദിഗ്ധാവസ്ഥയിൽ ഒരു പത്രപ്രവർത്തകൻ ചെയ്യേണ്ടത് തന്റേടത്തോടെ പെരുമാറുകയാണ്. പക്ഷെ ഗവർമ്മേണ്ടിന്റെ താൽപര്യമനുസരിച്ച് ഭിന്നാഭിപ്രായ പ്രകടനം തടയാൻ പോലീസ് നടത്തുന്ന ശ്രമങ്ങൾ കണ്ടില്ലെന്ന് പോലും മാധ്യമങ്ങൾ നടിക്കുമ്പോൾ നമ്മുടെ ജനാധിപത്യം അസ്വാസ്ഥ്യ ജനകമായ ഒരു ഘട്ടത്തിലെത്തിയിരിക്കുന്നുവെന്ന് പറയേണ്ടിവരും. ❏

**ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്നും സാമൂഹ്യ പരിഷ്ക്കരണത്തിന്നും നേതൃത്വം നൽകിയ ആളാണ് ജയപ്രകാശ് നാരായൺ. അദ്ദേഹം എന്റെ മാർഗ്ഗദർശികൂടിയാണ്. ഒരിക്കൽ നക്സൽ മേഖലയിൽ പര്യടനം നടത്തിയശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു: ഇന്നത്തെ സാമൂഹ്യ തിന്മകൾക്കും സർക്കാരിന്റെ ദുർനടപടികൾക്കും അറുതി വരുത്താനായില്ലെങ്കിൽ ഞാനും ഹിംസാമാർഗ്ഗത്തിലേക്ക് തിരിയും** – അജിത് ഭട്ടാചാര്യ.

# ഒടുവിൽ മുഖ്യമന്ത്രി മോഡി പ്രതികരിക്കുന്നു

ഗോധ്ര സംഭവവും തുടർന്ന് ഗുജറാത്തിലുണ്ടായ കലാപവും പിന്നിട്ട് എട്ടു കൊല്ലം കഴിഞ്ഞശേഷം മുഖ്യമന്ത്രി നരേന്ദ്ര മോഡി പ്രതികരിച്ചു - കലാപം ഏതായാലും എതിർക്കപ്പെടേണ്ടതാണെന്ന് അദ്ദേഹത്തിന്റെ ബ്ലോഗിൽ പറയുന്നു.

ഗോധ്ര സംഭവത്തെക്കുറിച്ചോ തുടർന്നുണ്ടായ കൂട്ടക്കൊലയെക്കുറിച്ചോ ഇക്കാലമത്രയും ഒരക്ഷരം പറയാൻ കൂട്ടാക്കാതിരുന്ന മുഖ്യമന്ത്രി മോഡിക്ക് ഇപ്പോൾ ഇങ്ങനെ പറയണമെന്നു തോന്നിയത് സുപ്രീം കോടതി നിയോഗിച്ച പ്രത്യേകാന്വേഷണ സംഘത്തിന്റെ ചോദ്യം ചെയ്യൽ മൂലമാണെന്നുവരാം.

ഗോധ്രയിൽ തീവണ്ടിക്ക് അഗ്നിബാധയുണ്ടായത് 2002 ഫെബ്രുവരി 27-ന്നായിരുന്നു. തുടർന്ന് ഗുജറാത്തിലുടനീളം മുസ്ലീമുകൾ വേട്ടയാടപ്പെട്ടു. അന്നു കൊല്ലപ്പെട്ടവരിലൊരാൾ കോൺഗ്രസ് എം.പി. യായ ജഫ്രിയായിരുന്നു. ജഫ്രിയുടെ വിധവ സക്കിയയും സിറ്റിസൻസ് ഫോർ ജസ്റ്റീസ് ആൻഡ് പീസ് എന്ന സംഘടനയും സുപ്രീം കോടതിയിൽ ഫയൽ ചെയ്ത ഒരു ഹർജിയുടെ അടിസ്ഥാനത്തിലാണ് സുപ്രീം കോടതി ഗുജറാത്ത് സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഒരു പ്രത്യേക സംഘത്തെ നിയോഗിച്ചത്.

സക്കിയ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിയിൽ ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനാണ് അന്വേഷണസംഘം മുഖ്യമന്ത്രി മോഡിയെ വിളിച്ചുവരുത്തി ചോദ്യം ചെയ്തത്. ചോദ്യം ചെയ്യൽ ഒമ്പതു മണിക്കൂർ നീണ്ടുനിന്നു; ഇനിയും വേണ്ടിവന്നാൽ മോഡിയെ വിളിച്ചു വരുത്തും. സക്കിയ സുപ്രീം കോടതിയിൽ ഉന്നയിച്ച ചോദ്യങ്ങളിൽ ചിലത് ഇവയാണ്.

1. ഗോധ്രയിൽ തീവണ്ടി അഗ്നിക്കിരയായതിൽനിന്ന് ഉദ്ഭൂതമാകുന്ന സ്ഥിതിവിശേഷം അവലോകനം ചെയ്യാനായി മുഖ്യമന്ത്രി മോഡി ഫെബ്രുവരി 27ന്ന് സീനിയർ ഉദ്യോഗസ്ഥന്മാരുടെ സമ്മേളനം വിളിച്ചു കൂട്ടിയിരുന്നു. എന്നാൽ ഇങ്ങനെയൊരു യോഗം നടത്തിയതിന്റെ മിനിറ്റ്സ് എഴുതിവച്ചിട്ടില്ല. എന്തുകൊണ്ടാണ് മിനിറ്റ്സ് എഴുതി സൂക്ഷിക്കാതിരുന്നത്?

2. 2002 ഫെബ്രുവരി 27ന്ന് വൈകുന്നേരം നാലുമണിക്ക് അഹമ്മദാബാദിൽ വിശ്വഹിന്ദു പരിഷത്തിന്റെ ഒരു യോഗം നടത്തിയതായി രഹസ്യാന്വേഷണ വകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു. ഈ യോഗത്തിൽ ആരെല്ലാമാണ് പങ്കെടുത്തത്? ഗുജറാത്ത് നിയമസഭാംഗങ്ങളോ മന്ത്രിസഭാംഗങ്ങളോ ഇതിൽ പങ്കെടുത്തിരുന്നവോ?

3. ഗോധ്രയിൽ തീവണ്ടിയിലെ അഗ്നിബാധയിൽ മരിച്ചവരുടെ മൃതദേഹങ്ങൾ എന്തുകൊണ്ടാണ് അഹമ്മദാബാദിലേക്ക് കൊണ്ടുവന്നത്? എന്തുകൊണ്ടാണ് മൃതദേഹങ്ങൾ തെരുവുകളിലൂടെ ഘോഷയാത്രയായി കൊണ്ടുനടന്നത്? അങ്ങനെ ചെയ്യാനുള്ള തീരുമാനമെടുത്തത് ആരാണ്? മൃതദേഹങ്ങൾ ഇങ്ങനെ പ്രദർശനമായി കൊണ്ടുപോയാൽ ഭവിഷ്യത്തുണ്ടായേക്കുമെന്ന് മുഖ്യമന്ത്രിക്കോ മറ്റു ഉയർന്ന ഉദ്യോഗസ്ഥന്മാർക്കോ പോലീസിന്റെ സീനിയർ ഉദ്യോഗസ്ഥന്മാരോ ഡി.ജി.പി. തന്നെയോ രേഖാമൂലം മുന്നറിയിപ്പു തരികയുണ്ടായോ?

4. വിശ്വഹിന്ദു പരിഷത്ത് ഒരു ബന്ദിന് ആഹ്വാനം ചെയ്ത സ്ഥിതിക്ക് കരുതൽ നടപടികളൊന്നും സ്വീകരിക്കാതിരുന്നതെന്തുകൊണ്ടാണ്?





സ്പെഷൽ അന്വേഷണ സംഘത്തിന്റെ തലവനായ ആർ.കെ. രാഘവൻ

5. എന്തുകൊണ്ടാണ് ഉടനടി പട്ടാള സഹായം തേടാതിരുന്നത്? പട്ടാളം അഹമ്മദാബാദിൽ വന്നതിന്നു ശേഷവും അവരെ വിന്യസിക്കുന്നതിൽ കാലതാമസം വരുത്തിയതെന്തുകൊണ്ടാണ്?

6. 2002 ഫെബ്രുവരി 28ന്ന് ഗുജറാത്തിലെ മറ്റെല്ലാ നഗരങ്ങളിലും കയ്യോടെ നിശാനിയമം പ്രഖ്യാപിച്ചിട്ടും അഹമ്മദാബാദിൽ നിശാനിയമം പ്രഖ്യാപിക്കുന്നതിൽ കാലതാമസം വന്നതെന്തുകൊണ്ട്?

7. ജനക്കൂട്ടം അക്രമാസക്തമായാൽ അതിന്റെ വീഡിയോ ദൃശ്യങ്ങൾ പകർത്തി വയ്ക്കണമെന്ന് നിയമമുണ്ടായിട്ടും ഗുജറാത്തിലെ ഒരു ജില്ലയിലും വീഡിയോ ദൃശ്യങ്ങൾ പകർത്തിവയ്ക്കാൻ ഒരേർപ്പാടും ചെയ്യാതിരുന്നതെന്തുകൊണ്ടാണ്?

8 അക്രമങ്ങളെല്ലാം മുസ്ലീമുകളെ ലക്ഷ്യമാക്കിയാണെന്ന കാര്യം വ്യക്തമായിരുന്നിട്ടും, കലാപകാലത്തുണ്ടായ പോലീസ് വെടിവയ്പുകളിൽ മരിച്ചവരിലധികവും മുസ്ലീമുകളായതെന്തുകൊണ്ടാണ്?

9. അടിയന്തരമായി സഹായമെത്തിക്കണമെന്ന് പ്രമുഖ മുസ്ലീം നേതാക്കളിൽ നിന്നും നിരന്തരം ഫോൺ സന്ദേശങ്ങൾ പ്രവഹിച്ചിട്ടും, അവയ്ക്കെല്ലാമുള്ള പ്രതികരണം വൈകിയതെന്തുകൊണ്ടാണ്?

10. ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥന്മാർ, പോലീസ് ഡയറക്ടർ ജനറൽ എന്നിവരടക്കമുള്ള സീനിയർ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നു നോക്കാൻ ഒരു സംവിധാനവും ഏർപ്പെടുത്താതിരിന്നതെന്തുകൊണ്ടാണ്?

11. പ്രഥമവിവര റിപ്പോർട്ടുകൾ (FIR) രജിസ്റ്റർ ചെയ്യാൻ വിസമ്മതിച്ച ഉദ്യോഗസ്ഥന്മാർക്കെതിരെ ഒരു നടപടിയും എടുക്കാതിരുന്നതെന്തുകൊണ്ടാണ്?

12. കലാപ സംബന്ധമായ ഗുരുതരമായ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളുടെ കാര്യത്തിൽ ശരിയായ മേൽനോട്ടം വഹിക്കാതിരി

# അർത്ഥം മനസ്സിലാക്കാതുള്ള ആചാരാനുഷ്ഠാനങ്ങൾ

ഉഷ്ണിച്ചുരുകിപ്പോകുന്ന ഈ കൊടും വേനലിൽ കോടതിയിൽ വാദം നടത്തുന്ന അഭിഭാഷകരെ കറുത്ത ഓവർ കോട്ടണിയണമെന്ന വ്യവസ്ഥയിൽനിന്നും ഒഴിവാക്കിത്തരണമെന്ന് ഒരഭിഭാഷകൻ ജഡ്ജിയോട് അപേക്ഷിച്ചതായി ഈയിടെ റിപ്പോർട്ടുണ്ടായിരുന്നു. അതിന്റെ ഫലമെന്തായെന്നറിയില്ല.

എന്നാൽ ഈ മാർച്ച് ഒടുവിൽ പരിസ്ഥിതി കാര്യമന്ത്രി ജയറാം രമേശ് ആരുടേയും സമ്മതം കൂടാതെത്തന്നെ അതു നടപ്പാക്കി. ഫോറസ്റ്റ് മാനേജ്മെന്റിന്നുള്ള ഇന്ത്യൻ ഇൻസ്റ്റിട്യൂട്ടിന്റെ ഏഴാം ബിരുദദാന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ബിരുദം വാങ്ങാൻ വരുന്ന കുട്ടികളും ബിരുദദാനം നടത്തുന്നവരും ഒരു പ്രത്യേക തരത്തിൽ വേഷം കെട്ടിയിരിക്കണമെന്നത് നിലവിലുള്ള, അലംഘനീയമായ, ഒരാചാരമാണ്. അതാണ് മന്ത്രി ലംഘിച്ചിരിക്കുന്നത്. മന്ത്രിയുടെ നടപടിയെ പിന്താങ്ങാനും വിമർശിക്കാനും ധാരാളം പേരുണ്ടാകും.

മഹാകവി കുമാരനാശാന്റെ പ്രസിദ്ധമായ ഒരു ശ്ലോകമുണ്ട്:

*ഇന്നലെ ചെയ്തോരബദ്ധം*
*ഇന്നത്തെയാചാരമാകാം*
*നാളത്തെ ശാസ്ത്രമതാകാം*
*അതിൽ മൂളായ്ക സമ്മതം രാജൻ*

മനുഷ്യർക്ക് ധാരാളം അബദ്ധങ്ങൾ പറ്റാറുണ്ട്. അത്രയൊന്നും ആലോചനാശീലമില്ലാത്ത പിൻഗാമികൾ അതൊരു ആചാരമായി കൊണ്ടുനടന്നുവെന്നു വരും. കാരണവന്മാർ കാട്ടിക്കൂട്ടിയ ➡




'വേഷം' ഊരിക്കളയുന്ന ജയറാം രമേശ്

പ്രവൃത്തികളുടെ അർത്ഥം, പ്രസക്തി എന്നിവയൊന്നും നോക്കാതെ പഴമക്കാർ ചെയ്തതൊക്കെ ശാസ്ത്ര സമ്മതമുള്ള കാര്യങ്ങളാണെന്നു കരുതി ആ അബദ്ധമെല്ലാം ആവർത്തിച്ചുവെന്നു വരും. വിവേകിയായ ഒരു രാജാവ് ഈ മാർഗ്ഗം സ്വീകരിക്കരുത്. കാര്യകാരണങ്ങൾ ചിന്തിച്ചുറപ്പിച്ച് വിവേകപൂർവ്വമായേ പ്രവർത്തിക്കാവൂ എന്നാണ് കുമാരനാശാൻ ഉപദേശിക്കുന്നത്.

കേരളത്തിലെ നവോത്ഥാന നായകരിലൊരാളായിരുന്നു കുമാരനാശാൻ. വാസ്തവത്തിൽ ഇരുപതാം നൂറ്റാണ്ട് കേരളത്തിൽ വിപ്ലവങ്ങളുടേതായ ഒരു കാലഘട്ടമായിരുന്നു. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ പോരാട്ടങ്ങളുടെ കാലഘട്ടമായിരുന്നു അത്. ഓരോ സാഹിത്യകാരനും ഓരോ വിപ്ലവകാരിയായിരുന്ന കാലഘട്ടം. കവിതയിലെന്നല്ല, കഥയിലും നോവലിലും പ്രബന്ധ രചനകളിലുമെല്ലാം ആദർശങ്ങൾ തുടിച്ചുനിന്നിരുന്ന ഒരു കാലഘട്ടം. അതെല്ലാം വായിച്ച് യാഥാസ്ഥിതികത്വത്തോട് സമരം ചെയ്തിരുന്നവരുടേതായ ഒരു കാലഘട്ടം. ഒരിക്കൽ എൻ.വി. കൃഷ്ണവാരിയർ പറയുകയുണ്ടായി, കവിതയുടെ കൂമ്പടഞ്ഞുവെന്ന്. ആ ഒരു പ്രസ്താവന വലിയ കോളിളക്കം സൃഷ്ടിച്ചുവെങ്കിലും അതൊരു യാഥാർത്ഥ്യമായിരുന്നുവെന്ന് വേഗം തന്നെ തെളിഞ്ഞു. ഇന്നിപ്പോൾ കവിതയുടെ എന്നല്ല കഥയുടേയും നോവലിന്റേയുമെല്ലാം കൂമ്പടയുന്ന സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. ഒരു ടെലിവിഷനും ഒരു കാറും ഒരു മൊബൈലുമുണ്ടായാൽ എല്ലാം തികഞ്ഞുവെന്നൊരു ചിന്താഗതി വ്യാപകമായി വരുന്നു. സത്യം, ദയ, അഹിംസ തുടങ്ങിയ പ്രാചീനാശയങ്ങൾക്കൊന്നും ഇന്നു മാർക്കറ്റില്ല. ആദർശം, പ്രത്യയശാസ്ത്രം, നിഷ്ഠ

---

ക്കുകയും അങ്ങനെ ഗുജറാത്ത് പോലീസ് നിയമത്തിലെ വ്യവസ്ഥകളെ ധ്വംസിക്കുകയും ചെയ്ത ജില്ലാ പോലീസ് സൂപ്രണ്ടുമാർ മുതൽ പോലീസ് കമ്മീഷണർമാർവരേയും ഡി.ജി.പി. വരേയുമുള്ള മേലുദ്യോഗസ്ഥന്മാർക്കെതിരെ എന്തുകൊണ്ടാണ് ഒരു നടപടിയും സ്വീകരിക്കാതിരുന്നത്?

13. ബിൽക്കിസ് ബാനോ കൂട്ടക്കൊല, ബെസ്റ്റ് ബേക്കറി കൂട്ടക്കൊല എന്നിവ സംബന്ധിച്ച കേസുകളുടെ കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിൽ പരാജയപ്പെട്ട മേലുദ്യോഗസ്ഥന്മാർക്കെതിരെ നടപടിയൊന്നും സ്വീകരിക്കാതിരുന്നതെന്തുകൊണ്ട്? ഇവരുടെ പരാജയം മൂലമല്ലേ ഈ കേസുകളുടെ വിചാരണ സുപ്രീം കോടതി ഇടപെട്ട് മഹാരാഷ്ട്രത്തിലേക്ക് മാറ്റിയത്?

14. ഐ.പി.എസ്. ഉദ്യോഗസ്ഥനായ രാഹുൽ ശർമ്മ നാനാവതി കമ്മീഷൻ മുമ്പാകെ നൽകിയ തെളിവിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണം നടത്താതിരുന്നതെന്തുകൊണ്ടാണ്? കൂടുതൽ അന്വേഷണം നടത്തിയിരുന്നുവെങ്കിൽ കലാപകാലത്ത് സീനിയർ പോലീസുദ്യോഗസ്ഥന്മാരും ബി.ജെ.പി. നേതാക്കന്മാരും എവിടെയാണ് നിലയുറപ്പിച്ചിരുന്നത് എന്നറിയാമായിരുന്നില്ലേ?

15. കലാപകാലത്ത് മുഖ്യമന്ത്രി മോഡി, അദ്ദേഹത്തിന്റെ മന്ത്രിസഭാംഗങ്ങൾ, അന്നത്തെ അഹമ്മദാബാദ് പോലീസ് കമ്മീഷണർ പി.സി. പാണ്ഡെ, അന്നത്തെ ഡി.ജി.പി. കെ. ചക്രവർത്തി എന്നിവർക്ക് ഒട്ടേറെ ഫോൺ സന്ദേശങ്ങൾ ലഭിച്ചിരുന്നു ഇവയുടെ രേഖകൾ പരിശോധിച്ചാലേ വസ്തുതകൾ വ്യക്തമാകൂ? ❑

എന്നിവയെല്ലാം കാടുകയറിക്കഴിഞ്ഞിരിക്കുന്നു. ഞാനും ഭാര്യയും ഒരു സ്വർണ പണിക്കാരനുമായാൽ എല്ലാം തികഞ്ഞുവെന്ന പ്രാചീനാശയത്തിന്റെ പുത്തൻ അവതാരങ്ങളെയാണ് നാം സർവ്വത്ര കാണുന്നത്. അയൽപക്കക്കാർപോലും അജ്ഞാത ജീവികളായി ത്തീരുന്ന ഫ്ളാറ്റ് സംസ്കാരത്തിന്റെ വേലിയേറ്റമാണെങ്ങും.

എന്നാൽ ഇതിന്നിടയിലും പരിപാവനമായി കരുതപ്പെടുന്ന ചില അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമുണ്ട്. അതിലൊന്നാണ് അഭിഭാഷകർ കോടതിയിൽ ഹാജരാകുമ്പോൾ കറുത്ത ഗൗൺ ധരിച്ചിരിക്കണമെന്നത്. പ്രാചീനമായ മതാചാരങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിലും ഇത്തരത്തിൽ ഓരോരോ അനുഷ്ഠാനങ്ങളുണ്ട്. ഹിന്ദുക്കൾക്കിടയിൽ പൂജാരിമാർ തറ്റുടുത്ത് പൂജനടത്തണമെന്നത് ഒരു നിഷ്ഠയായിരുന്നു. പല മഹാക്ഷേത്രങ്ങളിലും ഈ ആചാരം ഇപ്പോഴും അനുഷ്ഠിക്കപ്പെടുന്നുണ്ട്.

തുന്നിക്കൂട്ടിയ വസ്ത്രങ്ങൾ ഉപയോഗിക്കരുതെന്നത് പ്രാചീനമായ ഒരാചാരമായിരുന്നു. ഷർട്ടും പാന്റും ധരിച്ച് ക്ഷേത്രത്തിൽ പ്രവേശിക്കരുതെന്ന് പറയുന്നതിന്റെ അടിസ്ഥാനം ഇതാണ്. ഭാഗ്യവശാൽ സ്ത്രീകൾ ഇപ്പോൾ ഈ നിബന്ധനയിൽനിന്ന് മഹാക്ഷേത്രങ്ങളിൽപോലും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

കഠിനമായ തണുപ്പുള്ളവയാണ് പാശ്ചാത്യരാജ്യങ്ങൾ അവിടങ്ങളിൽ ലഭ്യമാകുന്ന അല്പം സൂര്യപ്രകാശത്തെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്നാണ് പാശ്ചാത്യർ കറുത്ത വസ്ത്രം ധരിക്കുന്നത്. ഷർട്ടിന്നു പുറമെ കോട്ടിടുന്നതും ടൈ കോട്ടുന്നതുമെല്ലാം തണുപ്പിനെ നേരിടാനുള്ള കരുക്കളെന്ന നിലക്കാണ്. അതൊന്നും മനസ്സിലാക്കാതെ ഉഷ്ണമേഖലാ പ്രദേശത്ത് ജീവിക്കുന്ന നമ്മളും അതിനെയെല്ലാം പിൻതുടരുന്നതു കാണുമ്പോൾ ആർക്കായാലും ദു:ഖം തോന്നും. ഇംഗ്ലീഷ് മാധ്യമമായി സ്വീകരിച്ചിട്ടുള്ള സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ ഷർട്ടും കോട്ടും ടൈയുമായി സ്കൂളിൽ പോകുന്നത് നാം കാണാറുണ്ട്.

പണ്ട് പാശ്ചാത്യ രാജ്യങ്ങളിൽ സർവ്വകലാശാലകൾ സ്ഥാപിച്ചു നടത്തിവന്നിരുന്നത് പള്ളികളായിരുന്നുവത്രെ. ഈ അടുത്ത കാലംവരെ കേരളത്തിൽതന്നെ തവിട്ടു നിറത്തിലുള്ള ളോഹ ധരിച്ചിരുന്ന പാതിരിമാർ ധാരാളമുണ്ടായിരുന്നു. (ഇപ്പോൾ ആ വേഷം ഉപേക്ഷിച്ചുവെന്നു തോന്നുന്നു) ഏതായാലും ബിരുദ ദാനവും ബിരുദ സ്വീകരണവുമെല്ലാം അവർ നിശ്ചയിച്ച ചിട്ടയനുസരിച്ചാണ്. അതുകൊണ്ടാണ് ബിരുദ ദാന ചടങ്ങിൽ വികൃതമായ വേഷവിധാനങ്ങൾ കടന്നുവന്നത്.

ബിരുദദാന ചടങ്ങ് മാത്രമല്ല പ്രശ്നം. ഉഷ്ണമേഖലാ പ്രദേശത്ത് ജീവിക്കുന്ന കേരളീയർക്ക് തനതായൊരു ജീവിത സംസ്കാരമുണ്ടായിരുന്നു; തനതായൊരു ജീവിത ശൈലിയുണ്ടായിരുന്നു. നമ്മുടെ ഊണും ഉറക്കവും വിനോദങ്ങളുമെല്ലാം അതനുസരിച്ചുള്ളതായിരുന്നു. നമുക്കു നമ്മുടേതായ ചക്കയും മാങ്ങയും പച്ചക്കറികളുമെല്ലാം ഉണ്ടായിരുന്നു. നാം അതെല്ലാം ഉപേക്ഷിച്ച് അറബി നാടുകളിലോ ഹിമാലയത്തിലോ വിളയുന്ന കായ്കനികളുടെ പിന്നാലെ പോയി. എന്തെല്ലാം രോഗങ്ങളാണ് നാം വരുത്തിക്കൂട്ടിയത്! എന്നിട്ടു ചികിത്സക്കും നാം മറുനാടുകളെത്തന്നെ ആശ്രയിക്കുന്നു. നമ്മുടെ അനാചാരങ്ങളുടെ കഥകൾ പറഞ്ഞാൽ തീരില്ല. ആ പാരാവാരത്തിൽനിന്ന് ഒരെണ്ണം മാത്രമാണ് കേന്ദ്ര പരിസ്ഥിതി കാര്യമന്ത്രി ജയറാം രമേശ് ചൂണ്ടിക്കാണിച്ചതും വലിച്ചെറിഞ്ഞതും. ❑

# ഗുജറാത്തിലൊരു സ്പെഷൽ പ്രോസിക്യൂട്ടർ രാജിവക്കുന്നു

ഗുജറാത്തിൽ 2002 ഫെബ്രുവരി-മാർച്ചിൽ നരവേട്ട സംബന്ധിച്ച പത്തു കേസുകളിൽ പുനരന്വേഷണം നടത്താൻ സുപ്രീം കോടതി കല്പിച്ചിരുന്നു. ഇതിൽ ഗുൽബർഗ് കൂട്ടക്കൊല സംബന്ധിച്ച കേസിന്റെ വിചാരണ നടത്തുന്ന ജഡ്ജിയിൽ പക്ഷപാതം ആരോപിച്ചുകൊണ്ട് സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറായ ആർ.കെ. ഷാ ഫെബ്രുവരി 25ന്ന് രാജി വച്ചു.

കോൺഗ്രസ് എം.പി.യായിരുന്ന അഹ്സർ ജഫ്രിയടക്കം 69 പേരെ കൂട്ടക്കൊല ചെയ്ത കേസാണ് ഇതിൽ പ്രധാനം. ഈ കേസ് നടത്താൻ നിയോഗിക്കപ്പെട്ട സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറായ ആർ.കെ ഷായാണ്, ജഡ്ജി പക്ഷപാതപരമായി പെരുമാറുന്നുവെന്ന് ആരോപിച്ച് രാജി വച്ചിരിക്കുന്നത്.

ഷായുടെ രാജികത്തിൽ ഇങ്ങനെ പറയുന്നു: സാക്ഷികളോടുള്ള ബഹുമാനപ്പെട്ട ജഡ്ജിയുടെ പെരുമാറ്റം പ്രതികൂലമാണ്. പ്രത്യേകിച്ചും അക്രമങ്ങൾക്കിരയായി ജീവനുംകൊണ്ട് രക്ഷപ്പെട്ടവരോടുള്ള പെരുമാറ്റം. ജഡ്ജി അവരെ ഭീഷണിപ്പെടുത്തുകയും അവഹേളിക്കുകയും ചെയ്യുന്നു. പ്രതിക്കൂട്ടിലുള്ളവരെ തൊട്ടുകാണിക്കാൻ സാക്ഷികളെ അനുവദിക്കുന്നില്ല. 25 അടി അകലെ നിന്നുകൊണ്ട് സാക്ഷികളെ തിരിച്ചറിഞ്ഞ് ചൂണ്ടിക്കാണിക്കണമെന്നാണ് ജഡ്ജി പറയുന്നത്. തെളിവു രേഖപ്പെടുത്തുന്നതും തൃപ്തികരമല്ല. സാക്ഷികൾ നൽകുന്ന മിക്ക വിശദീകരണങ്ങളും രേഖപ്പെടുത്താതെ വിട്ടുകളയുകയാണ് ചെയ്യുന്നത്.

കേസന്വേഷണാവസരത്തിൽ പോലീസിന്നു നൽകുന്ന സ്റ്റേറ്റ്മെന്റുകൾ തെളിവായി അനുവദനീയമെല്ലെങ്കിലും ബഹുമാനപ്പെട്ട ജഡ്ജി അതൊക്കെ രേഖപ്പെടുത്തുന്നുണ്ട്. ക്രിമിനൽ നിയമത്തിലെ 162-ാം വകുപ്പിന്ന് വിരുദ്ധമാണിത്. വെറും കേട്ടുകേൾവി പോലും തെളിവായി സ്വീകരിക്കുന്നു.

ക്രിമിനൽ നിയമം 278-ാം വകുപ്പനുസരിച്ച് തെളിവുകൾ സാക്ഷികളെ വായിച്ചു കേൾപ്പിക്കേണ്ടതുണ്ട്. സാക്ഷികളുടെ വക്കീൽമാർ രേഖാമൂലം ആവശ്യപ്പെട്ടിട്ടു പോലും അതു ചെയ്യുന്നില്ല.

പലപ്പോഴും ബഹുമാനപ്പെട്ട ജഡ്ജി തന്നെ സാക്ഷികളോട് ചോദ്യം ചോദിക്കുന്നുണ്ട്. അത് ജഡ്ജിയുടെ പക്ഷപാതത്തെ പ്രതിഫലിപ്പിക്കുന്നു.

പോലീസും പബ്ലിക് പ്രോസിക്യൂട്ടറും രണ്ടുവഴിക്കു പോയാൽ കേസെവിടെയാണ് ചെന്നു കലാശിക്കുക? സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ ആർ.കെ. പറയുന്നത് ശ്രദ്ധിക്കൂ: "കലാപകാലത്ത് ജോയിന്റ് പോലീസ് കമ്മീഷണറായിരുന്ന എം.കെ. ഠണ്ഡനെ ഞാൻ വിസ്തരിച്ചു കൊണ്ടിരിക്കുന്നതിന്നിടയിൽ, പോലീസ് മുമ്പാകെ അദ്ദേഹം നൽകിയിരുന്ന സ്റ്റേറ്റ്മെന്റിന്റേയും നാനാവതി കമ്മീഷൻ മുമ്പാകെ അദ്ദേഹം സമർപ്പിച്ചിരുന്ന സത്യവാങ് മൂലത്തിന്റേയും ഓരോ കോപ്പി എന്റെ കയ്യിൽ തന്നു. കഴിഞ്ഞ ഫെബ്രുവരി 17-ാം തിയ്യതി ആയപ്പോഴേക്കും 250 സാക്ഷികളെ വിസ്തരിച്ചു കഴിഞ്ഞിരുന്നു. കേസിന്റെ വിചാരണ ആരംഭിച്ചിട്ട് മാസം ആറു കഴിഞ്ഞിരുന്നു. ഞാനൊരു സാക്ഷിയെ വിസ്തരിക്കുന്നതിന്നിടയിൽ, ഒരു കൊല്ലം മുമ്പ് രേഖപ്പെടുത്തിയ മൊഴികളുടെ ഒരു കെട്ട് എന്റെ കയ്യിൽ വച്ചുതന്നു. ഒരു പോലീസുകാരനും ചെയ്യാത്ത ഏർപ്പാടാണിത്."

ഏതായാലും 2002 ൽ ഗുജറാത്തിൽ നടന്ന നരവേട്ട സംബന്ധിച്ച അന്വേഷണം സുപ്രീം കോടതി ഇടപെട്ടാൽ പോലും നേർവഴിക്കു പോകുന്ന ലക്ഷണമല്ല കാണുന്നത്. ❑

# മോഡിയുടെ ഗുജറാത്തിൽ ഒടുവിലൊരു ആളനക്കം

**- തൃദീപ് സുഹൃദ് -**

ഗുജറാത്തിനെ വിറ്റ് കാശാക്കുന്നത് നിർത്തൂ - ഗുജറാത്ത് ചീഫ് ജസ്റ്റീസ് ജ: എസ്.ജെ. മുഖോപാധ്യായയുടെ ശാസനയാണിത്. മഹുവ മേഖലയിലെ കർഷകർക്കുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു പൊതു താല്പര്യ ഹരജിയുടെ വിചാരണക്കിടയിൽ അഡ്വക്കറ്റ് ജനറലിനോട് പറഞ്ഞതാണിത്. മഹുവ പ്രദേശത്തെ ഭൂമിയാകെ ഒരു സിമന്റ് ഫാക്ടറി സ്ഥാപിക്കാനായി നിർമ്മ ഇൻഡസ്ട്രീസിന്ന് ഗവർമ്മേണ്ട് നൽകിയിരുന്നു. ഹൈക്കോടതിയാകട്ടെ സിമന്റ് ഫാക്ടറിയുടെ നിർമ്മാണം സ്റ്റേ ചെയ്തു. ഇതു സംബന്ധിച്ച വാദപ്രതിവാദത്തിന്നിടയിലാണ്, ഗുജറാത്തിനെ വിറ്റു കാശാക്കുന്ന ഏർപ്പാട് നിർത്താൻ ചീഫ് ജസ്റ്റീസ് ആവശ്യപ്പെട്ടത്.

ഗുജറാത്തിലെ "വികസന"ചർച്ചയിലെ ഒരു വഴിത്തിരിവാണ് ഹൈക്കോടതിയുടെ കല്പന. ജനസമൃദ്ധമായ ഒരു മേഖലയിലാണ് സിമന്റ് ഫാക്ടറി സ്ഥാപിക്കാൻ നിശ്ചയിച്ചിരുന്നത്. ഈ ഫാക്ടറി വന്നാൽ സമീപ ഗ്രാമങ്ങളിലെ കൃഷിഭൂമിയാകെ നശിക്കും. ഇതിന്നെതിരെ ജനങ്ങൾ സമരം നടത്തിവരികയായിരുന്നു. ആ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബി.ജെ.പി.ക്കാരനായ എം.എൽ.എ. കനു കൽസാരിയയാണ് പ്രക്ഷോഭണത്തിന്ന് നേതൃത്വം നൽകുന്നത്. ഈ പ്രക്ഷോഭണവും കോടതിയുടെ കല്പനയും കഴിഞ്ഞ രണ്ടു ദശകങ്ങളായി നിലനിന്നുവരുന്ന ഗുജറാത്തിന്റെ "വികസന"സങ്കൽപത്തിന്ന് വല്ലാത്തൊരു വെല്ലുവിളിയായിരിക്കുകയാണ്.

നർമ്മദാ അണക്കെട്ട് നിർമ്മാണത്തിന്നെതിരായി മുമ്പ് ഒരു പ്രക്ഷോഭണമുണ്ടായി. വികസനം, പരിസ്ഥിതി എന്നിവ സംബന്ധിച്ച അടിസ്ഥാനപരമായ പ്രശ്നങ്ങളാണ് അന്ന് ഉയർത്തിക്കൊണ്ടുവന്നത്. പുനരധിവാസത്തിന്നുള്ള ജനങ്ങളുടെ അവകാശം സംബന്ധിച്ച നിയമപരവും ധാർമ്മികവുമായ പ്രശ്നങ്ങൾ അന്നു ചർച്ചക്കുവന്നു. പക്ഷെ ഒന്നും ഫലിച്ചില്ലെന്നല്ല, വികസനമെന്നാൽ എന്താണെന്നതിനെക്കുറിച്ച് ഗുജറാത്തിലെ ജനങ്ങൾക്കിടയിൽ ഒരു സമവായമുളവാക്കാനും സർക്കാരിന്നു കഴിഞ്ഞു. രാഷ്ട്രീയക്കാരും സാമൂഹ്യ ശക്തികളും ഇക്കാര്യത്തിൽ ഒന്നായി. മുതലാളിമാരുടെ മൂലധനംകൊണ്ടു നടത്തുന്ന വ്യവസായവൽക്കരണമാണ് വികസനമെന്ന് എല്ലാവരും ഏറ്റു. കൃഷി പഴഞ്ചനായി എഴുതിത്തള്ളപ്പെട്ടു; പ്രത്യേകിച്ചും ചെറുകിട കർഷകരെ എന്തുചെയ്യാമെന്നും വന്നു.

എല്ലാ പ്രകൃതി വിഭവങ്ങളുടേയും മേൽ ഗവർമ്മേണ്ടിന്ന് പരമാധികാരമുണ്ടെന്നും "പൊതുനന്മ"ക്കുവേണ്ടി അവ അക്വയർ ചെയ്യാമെന്നും വന്നു. അതായത് സ്വകാര്യ കമ്പനികൾക്കുവേണ്ടി ഏതു ഭൂമിയും അക്വയർ ചെയ്യാമെന്നായി.

ഇതിൽ കക്ഷിഭേദമില്ല. ബി.ജെ.പി.യും കോൺഗ്രസ്സും ഇക്കാര്യത്തിൽ ഒരേ അഭിപ്രായക്കാരായിരുന്നു. ഈ കൂട്ടുകെട്ടുകൊണ്ട് ഏറ്റവുമധികം ഗുണം നേടിയതാകട്ടെ സ്വകാര്യ കമ്പനിക്കാരാണ്. നർമ്മദാ അണക്കെട്ടു സംബന്ധിച്ച ചർച്ചകളിൽ ബി.ജെ.പി.ക്കാരും കോൺഗ്രസ്സുകാരും മുതലാളിമാരും ഒരേ നിലപാട് സ്വീകരിച്ചിരിക്കുന്നതായി നമുക്കു കാണാം. ജനിതകമായി മാറ്റം വരുത്തിയ പരുത്തി കൃഷി ചെയ്യുന്നതിലും ഈ മുക്കൂട്ടു മുന്നണി നമുക്ക് കാണാൻ കഴിയും.

ഗുജറാത്തിലെ ഇടത്തരക്കാർ ഒരു ഭിന്നാഭിപ്രായത്തേയും പൊറുക്കാൻ തയ്യാറുള്ളവരല്ല. വികസനം എന്നതിന്ന് വ്യവസായവൽക്കരണത്തേക്കാൾ വിശാലമായൊരർത്ഥമുണ്ടെന്ന് സമ്മതിക്കാനും അവർ തയ്യാറല്ല. ഇതിന്റെ ഫലമായി തുറമുഖങ്ങൾ പാടെ സ്വകാര്യവൽക്കരിക്കപ്പെട്ടു; വമ്പിച്ച സ്വകാര്യ വ്യവസായ സമുച്ചയങ്ങൾ രൂപംകൊണ്ടു; പ്രത്യേക സാമ്പത്തിക മേഖലകൾ വളർന്നുവന്നു. ഇതിനൊന്നും പ്രത്യേകിച്ചൊരു എതിർപ്പും ആരിൽനിന്നുമുണ്ടായില്ല.

ഈ വികസന മാതൃകയുടെ വേരുകൾ അത്യഗാധത്തിൽ ആണ്ടുപോയി. ഗുജറാത്തിലെ കോൺഗ്രസ്സുകാർ ഇതിനെ ചോദ്യം ചെയ്യുന്നേയില്ല. കാരണം, അതൊക്കെ ഗുജറാത്തിന്നെതിരായ നടപടികളായി വ്യാഖ്യാനിക്കപ്പെടുമായിരുന്നു.

ഈ വികസന പ്രക്രിയക്കൊപ്പം ഗുജറാത്തിലെ സഹകരണ മേഖല തളരുകയും ചെയ്തു. സഹകരണ പ്രസ്ഥാനം ചെറുത്തു നില്പിന്നുള്ള ഒരു അടിത്തറയാകുമായിരുന്നു. തദ്ദേശ തലത്തിലും മേഖലാതലത്തിലും രാഷ്ട്രീയ പ്രവർത്തനത്തിന്ന് ഇത് ഉതകുമായിരുന്നു. അവസരങ്ങൾ പ്രദാനം ചെയ്യുന്ന രണ്ടു മാതൃകകളായിരുന്നു സഹകരണ സംഘങ്ങൾ. സാങ്കേതിക വിദ്യ കൈമാറുന്നതിന്നും സാമ്പത്തിക സമൃദ്ധിക്കും അതൊരു കരുവാണ്. രണ്ടാമത് അതൊരു ശാക്തീകരണ പ്രക്രിയയാണ്. ജനങ്ങളെ സാമൂഹ്യമായും രാഷ്ട്രീയമായും സംഘടിപ്പിക്കാൻ അത് ഉതകുമായിരുന്നു. സഹകരണ പ്രസ്ഥാനം ദുർബ്ബലമായതോടെ ചെറുകിട കർഷകരും ഗോത്രവർഗ്ഗക്കാരും ദുർബ്ബലരായി. പ്രകൃതി വിഭവങ്ങൾപോലെയുള്ള പ്രശ്നങ്ങൾക്കായി ജനങ്ങളെ രാഷ്ട്രീയമായി അണിനിരത്തുന്നതും ദുഷ്ക്കരമായിത്തീർന്നു.

മുഖ്യമന്ത്രി നരേന്ദ്രമോഡിയുടെ കരുത്തിന്റെ വലിയൊരു ഭാഗം ബി.ജെ.പി.യും കോൺഗ്രസ്സും മുതലാളിമാരും ചേർന്നുണ്ടാക്കിയ സമവായമാകയാൽ ഗുജറാത്തി സമൂഹത്തിൽ അദ്ദേഹത്തിന്നുള്ള സ്വാധീനവും വർധിച്ചു. വാസ്തവം പറഞ്ഞാൽ ഈ സമവായത്തിന്റെ പ്രതീകമാണ് നരേന്ദ്രമോഡി. ഇന്ത്യയിലെ മുതലാളിമാർ മോഡിയുടെ ഭരണത്തിന്നു നൽകിവരുന്ന അംഗീകാരംതന്നെ അതിന്നു തെളിവാണ്.

കർഷകർ നടത്തി വരുന്ന പ്രക്ഷോഭണവും പ്രകൃതി വിഭവങ്ങളുടെ ഉടമസ്ഥത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാകണമെന്ന വിശ്വാസത്തിന്നുണ്ടായിരിക്കുന്ന വളർച്ചയും പ്രാദേശിക രാഷ്ട്രീയത്തിന്ന് പുതിയൊരു മാനം കൈവരുത്തിയിട്ടുണ്ട്. ഈ പ്രസ്ഥാനത്തിന്റെ ഉത്ഭവം പ്രാദേശിക തലത്തിലാണ്. ഔദ്യോഗിക പാർട്ടി ലൈനിനെ വെല്ലുവിളിക്കാൻ തയ്യാറുള്ള പ്രാദേശിക നേതാക്കളാണ് അതിന്ന് നേതൃത്വം നൽകുന്നത്. അതിനാൽ സമരക്കാരെല്ലാം ഗുജറാത്തിന്റെ ശത്രുക്കളാണെന്ന രാഷ്ട്രീയ പല്ലവി ഇവിടെ ഫലിക്കില്ല. ഈ പ്രക്ഷോഭണവും കോടതിയുടെ ഇടപെടലും വികസനം സംബന്ധിച്ച വിശാലമായൊരു ചർച്ചക്ക് അവസരം നൽകും. ❑

# ഒറീസയിൽ പോലീസ് വേട്ട: ജനങ്ങൾ കാടുകയറുന്നു.

- പ്രഫുല്ല ദാസ് -

**ഒ**റീസയിലെ ജാജ്പുര ജില്ലയിലെ ഗോത്രവർഗ്ഗക്കാരുടെ നിത്യജീവിതമാകെ തകരാറിലായിരിക്കുകയാണ്. ഛത്തിസ് ഗഡിലെ ദന്തേവാദെ കാടുകളോട് ചേർന്നുകിടക്കുന്ന പ്രദേശമാണ് ജാജ്പുര ജില്ല. ഇരുമ്പയിര് ധാരാളമുള്ള ഈ പ്രദേശത്ത് ടാറ്റമാർ ഒരു ഉരുക്കുനിർമ്മാണ ശാല സ്ഥാപിച്ചുവരുന്നു. കാട് കയ്യടക്കുന്നതിനെ എതിർക്കുന്ന ആദിവാസികളും സമരക്കാരെ നേരിടാൻ കമ്പനിക്കാർ സംരക്ഷിച്ചുവരുന്ന ഗുണ്ടകളും തമ്മിലാണ് പ്രധാന ഏറ്റുമുട്ടൽ. ഗുണ്ടകൾക്ക് ചെയ്യാനാകാത്തത് ഒറീസാ പോലീസും ചെയ്യുന്നു.

ആദിവാസികളുടെ ഗ്രാമങ്ങളുടെ നേരെ ആക്രമണം നടന്നതിനാൽ ആദിവാസികളിലധികവും ഇപ്പോൾ കാട്ടിൽ കയറി ഒളിച്ചിരിക്കുകയാണ്. ടാറ്റയുടെ ഉരുക്കുനിർമ്മാണ ശാലയുടെ പണി തുടങ്ങിയിട്ടില്ല. ഇതുപോലെ മറ്റു പല കമ്പനികൾ സ്ഥാപിക്കാനും പ്ലാനുണ്ട്. ഇപ്പോൾ വ്യവസായവൽക്കരണത്തിന്നായി വലിയൊരു റോഡ് നിർമ്മിക്കുന്ന തിരക്കിലാണ് അധികൃതർ.

ആദിവാസികൾ ബിസ്തപൻ വിരോധി ജനമഞ്ച് എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കിയാണ് പോലീസിന്റെ അതിക്രമങ്ങളെ നേരിടുന്നത്. പോലീസിനെ പേടിച്ച് ആദിവാസികളിലധികവും കാട്ടിൽ കയറി രക്ഷപ്പെട്ടിരിക്കുകയാണ്. തോക്കിൻകുഴലിലൂടെ വ്യവസായ വൽക്കരണത്തിന്നു മുതിർന്നാൽ ഒരുപാടു പേർ മരിച്ചുവീഴുമെന്ന് ജനമഞ്ചിന്റെ സെക്രട്ടറിയായ രവീന്ദ്ര ജാറിക മുന്നറിയിപ്പു നൽകുന്നു.

വ്യവസായ വൽക്കരണത്തെയല്ല ജനമഞ്ച് എതിർക്കുന്നത്. വ്യവസായശാലകൾ സ്ഥാപിക്കാനെന്ന പേരിൽ ജനങ്ങളെ കുടിയിറക്കി അനാഥരാക്കുന്നതിലാണ് എതിർപ്പ്.

ഉരുക്കുനിർമ്മാണശാല സ്ഥാപിക്കാനുള്ള ശ്രമത്തെ എതിർത്തവരിൽ 14 പേർ 2006 ജനുവരിയിൽ പോലീസിന്റെ വെടിവെപ്പിൽ കൊല്ലപ്പെട്ടിരുന്നു. ഇതിനെത്തുടർന്നാണ് ജനമഞ്ച് രൂപം കൊണ്ടത്.

പോലീസും ഗുണ്ടകളും ചേർന്ന് മാർച്ച് 30ന്ന് ബലിഗോത്ത ഗ്രാമത്തിൽ ഒരു സംഹാരതാണ്ഡവം തന്നെ നടത്തുകയുണ്ടായി. ആൺ-പെൺ ഭേദമില്ലാതെ ഒട്ടേറെ ഗോത്രവർഗ്ഗക്കാർക്ക് മർദ്ദനമേറ്റു. തകർന്ന വീടുകളും തല്ലിത്തകർത്ത സൈക്കിളുകളും കട്ടിൽ, കിടക്ക, വീട്ടുപകരണങ്ങൾ എന്നിവയും ഒരാഴ്ച കഴിഞ്ഞിട്ടും സർവ്വത്ര ചിതറി കിടക്കുന്നത് കണ്ടു.

രാഷ്ട്രീയക്കാരേയും പത്രക്കാരേയും തടഞ്ഞുനിർത്തിയതിനാൽ ബലിഗോത്തയിലെ അതിക്രമങ്ങൾ അന്നാരും അറിഞ്ഞില്ല. ഒരാഴ്ചക്കു ശേഷമേ ഒരു സംഘം പത്രപ്രവർത്തകർക്ക് അവിടെ ചെന്നുപറ്റാൻ സാധിച്ചുള്ളൂ. ചണ്ഡിഗ്രാം പഞ്ചായത്തിലെ സർപഞ്ച് ആയ രാജേന്ദ്ര കലുണ്ടിയയെ പത്രക്കാർക്ക് കാണാൻ കഴിഞ്ഞു. നാട്ടിലെ ചെറുപ്പക്കാരെല്ലാം പോലീസിനെ പേടിച്ച് കാട്ടിൽ കയറിയിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. പാതി പണിതീർന്ന പഞ്ചായത്ത് കെട്ടിടത്തിൽ വച്ചാണ് അദ്ദേഹം പത്രക്കാരെ കണ്ടത്. ജനമഞ്ചിന്റെ ചില പ്രവർത്തകരും അവിടെയുണ്ടായിരുന്നു.



മാർച്ച് 30ന്ന് ബലിഗോത്ത ഗ്രാമത്തിൽ പോലീസ് നടത്തിയ
പരാക്രമങ്ങളിൽ തകർന്ന ഒരു വീട്

താൻ ബ്ലോക്ക് ഓഫീസിൽ പോയിട്ട് മാസങ്ങൾതന്നെ പലതായെന്ന് കലുണ്ടിയ പറഞ്ഞു. മുതലാളിമാരുടെ ഗുണ്ടകളേയും പോലീസിനേയും പേടിക്കണം. ആരാണ്, എപ്പോഴാണ് ആക്രമിക്കുക എന്നറിയില്ല. ചണ്ഡിയ പഞ്ചായത്തിൽ ഒരൊറ്റ വികസന പ്രവർത്തനംപോലും നടക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. ജനങ്ങളെ കുടിയിറക്കുന്ന ഒരു വികസനവും വേണ്ട എന്ന നിലപാടാണ് ജനമഞ്ച് സ്വീകരിച്ചിരിക്കുന്നത്.

വ്യവസായവൽക്കരണത്തെ പിന്താങ്ങുന്ന കുറെ കുടുംബങ്ങളുണ്ട്. അവരും ഗതികേടിലാണെന്ന് കലുണ്ടിയ പറഞ്ഞു. ടാറ്റമാർ നിർമ്മിച്ചു കൊടുത്തിരിക്കുന്ന കോളനികളിലാണിവർ ജീവിക്കുന്നത്. അവിടെ ഒരു ജീവിത സൗകര്യവുമില്ല. തങ്ങളുടെ തറവാടുകളിൽ പോയി സാധന സാമഗ്രികൾ എടുത്തുകൊണ്ടുവരാൻ സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവർ ഈയിടെ അധികൃതർക്കൊരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ❑

# സൈക്കിൾ തിരികെ വരട്ടെ

- ടി.ഐ. ലാലു -

**ഏ**റ്റവും ഊർജ്ജക്ഷമതയുള്ള ഒരു വാഹനമാണ് സൈക്കിൾ എന്ന് നമുക്കൊക്കെ അറിയാം. അതുപൊലെ യാതൊരുവിധ മലിനീകരണത്തിനും സൈക്കിൾ യാത്ര കാരണമാകുന്നില്ല. കാർബൺ ബഹിർഗമനത്തിന് കാരണമാവുന്ന ഫോസിൽ ഇന്ധനമൊന്നും ആവശ്യവുമില്ല. റോഡിലൂടെ പോകാനും പാർക്ക് ചെയ്യാനും കുറച്ച് ഇടമേ വേണ്ടൂ.

സൈക്കിൾ സവാരി നമ്മുടെ ആരോഗ്യത്തിനും വളരെ ഗുണം ചെയ്യുന്ന ഒന്നാണ്. മാംസപേശികൾക്ക് ഉറപ്പും ബലവും നൽകുന്നു. ഓജസ്സു വളർത്തുകയും ശ്വാസോഛ്വാസം നല്ല രീതിയിലാക്കുകയും ചെയ്യുന്നു. സ്ഥിരമായി സൈക്കിൾ യാത്ര ചെയ്യുന്നവരിൽ പ്രമേഹവും ഹൃദ്രോഗങ്ങളും മറ്റും വളരെ കുറവായിരിക്കും. ശരീരത്തിന് അമിതവണ്ണം ഉണ്ടാകാതെ നോക്കുന്നു. തടി കുറയ്ക്കുന്നതിനുള്ള ആരോഗ്യസഹായിയായി പല ഡോക്ടർമാരും സൈക്കിൾ യാത്ര നിർദ്ദേശിക്കാറുണ്ട്.

ചെലവു കുറവിൽ ചെറു യാത്രകൾ സൗകര്യപ്രദമായി നിർവഹിക്കുന്നതിന് സൈക്കിൾ യാത്ര ഉപകരിക്കുന്നു. സമാന്യ വേഗതയിൽ സഞ്ചരിക്കുകയാണെങ്കിൽ ഒരാൾക്ക് മണിക്കൂറിൽ 15-20 കി.മി. ദൂരം അനായാസേന യാത്ര ചെയ്യാവുന്നതാണ്. റോഡിലെ മറ്റു വാഹനങ്ങൾക്കോ കാൽനടയാത്രക്കാർക്കോ സൈക്കിൾ യാതൊരുവിധ അപകട ഭീഷണിയും ഉയർത്തുന്നുമില്ല.

സത്യത്തിൽ സാധാരണക്കാരെ ശാക്തീകരിക്കുന്ന ഒന്നാണ് സൈക്കിൾ. അത് സ്വതന്ത്രമായ ചലനശക്തിയും പ്രവർത്തന സൗകര്യവും പ്രദാനം ചെയ്യുന്നു. നമ്മുടെ സ്ത്രീകളേയും പെൺകുട്ടികളേയും സംബന്ധിച്ചിടത്തോളം അടുക്കളയിൽനിന്നും അരങ്ങത്തെത്തുന്നതിന് സഹായിച്ച ഒരു വാഹനമാണിത്. മറ്റുള്ളവരുടെ ആജ്ഞകൾക്കും കൽപ്പനകൾക്കും കാത്തുകെട്ടി നിൽക്കാതെ ഞൊടിയിടകൊണ്ട് ലക്ഷ്യസ്ഥാനത്തേക്ക് കുതിക്കുവാൻ അവരെ പ്രാപ്തയാക്കുന്നു. കുട്ടികളിൽ ആത്മവിശ്വാസം വളർത്തുവാൻ സഹായിക്കുന്ന ഒന്നാണ് സൈക്കിൾ. പരാശ്രയമില്ലാതെ സഞ്ചരിക്കാൻ ശീലിക്കുന്ന കുട്ടിയുടെ ആകമാന വളർച്ചയേയും ഇത് ത്വരിതപ്പെടുത്തുന്നു.

സാമൂഹ്യ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിന് സഹായകമായ വാഹനം കൂടിയാണ് സൈക്കിൾ. സ്വന്തം പ്രദേശമായും നാട്ടുകാരായും ഇടപഴകുവാൻ കാൽനടയാത്ര കഴിഞ്ഞാൽ ഏറ്റവും നല്ലത് സൈക്കിൾ യാത്രയാണ്. മറ്റു വാഹനങ്ങളെ പോലെ അമിത വേഗത ഇല്ലാത്തതിനാൽ കൂട്ടുകാരേയും നാട്ടുകാരേയും കണ്ടാൽ സൈക്കിൾ നിർത്തി വിശേഷങ്ങൾ ചോദിച്ചറിയുവാൻ കഴിയും. മറയൊന്നുമില്ലാത്തതിനാൽ സൈക്കിളിൽ പോകുമ്പോൾ പരിചയക്കാർ കണ്ണിൽ പെടുകയും ചെയ്യും.

ഇക്കാലത്ത് ചില മാതാപിതാക്കൾ ഒരു കളിക്കോപ്പായി കുട്ടികൾക്ക് സൈക്കിൾ വാങ്ങിക്കൊടുക്കാറുണ്ട്.





പണ്ട് ഈ സൈക്കിൾ നമ്മുടെ നാട്ടിൽ നല്ലൊരു വിനോദോപാധിയായിരുന്നു. മുമ്പൊക്കെ നമ്മുടെ നാട്ടിൻ പുറങ്ങളിൽ ഇടക്കിടെ നടന്നുവന്നിരുന്ന സൈക്കിൾ യജ്ഞത്തിന്റെ സ്മരണ പ്രായമായവർക്ക് ഇപ്പോഴും ഉണ്ടായിരിക്കും. മൂന്നു ദിവസം മുൽ ഒരാഴ്ചവരെ നീളുന്നതായിരുന്നു ഇത്തരം സൈക്കിൾ യജ്ഞങ്ങൾ. പകൽ മുഴുവൻ നിർത്താതെ ഒരാൾതന്നെ സൈക്കിൾ ചവിട്ടുന്നതാണ് ഈ പരിപാടിയുടെ മുഖ്യ ആകർഷണം. ഇതോടൊപ്പം മറ്റു സംഘാംഗങ്ങളുടെ വക കലാപരിപാടികൾ, ജാലവിദ്യകൾ, അഭ്യാസ പ്രകടനങ്ങൾ എന്നിവയൊക്കെയുണ്ടായിരിക്കും. ആബാലവൃദ്ധം ജനങ്ങളെ ആകർഷിച്ചിരുന്ന ഒന്നായിരുന്നു ഈ സൈക്കിൾ യജ്ഞം. പൊതുജനങ്ങളുടെ വിനോദത്തിന്റെ കുത്തക ടി.വി. ചാനലുകളും മറ്റും ഏറ്റെടുത്തതോടെ സൈക്കിൾ യജ്ഞം എന്ന ഗ്രാമീണ വിനോദ പരിപാടി ഒതുങ്ങിയിരിക്കുകയാണിന്ന്.

മുൻ കാലങ്ങളിൽ നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും യുവജന സംഘടനകളും അവരുടെ അവകാശ പോരാട്ടങ്ങളുടേയും പ്രചരണ പരിപരാടികളുടേയും ഭാഗമായി സംസ്ഥാന തലത്തിൽവരെ സൈക്കിൾ റാലികളും മറ്റും നടത്തിയിരുന്നു. ഇടക്കാലത്തു വച്ച് ഇവരുടെയൊക്കെ സ്വരം മാറി, വഴിമാറി പ്രകൃതം മാറി. പല നല്ല ശീലങ്ങളും ഉപേക്ഷിച്ച കൂട്ടത്തിൽ സൈക്കിളിനേയും ഇവർ കൈവിട്ടു.

നമ്മുടെ രാജ്യത്തെ രണ്ടു പ്രമുഖ സൈക്കിൾ ജീവികളാണ് മഹാത്മാ ഗാന്ധിയും മുൻ രാജ്യരക്ഷാമന്ത്രി വി.കെ. കൃഷ്ണമേനോനും. ചർക്കയ്ക്കു പുറമേ ഗാന്ധിജിയുടെ ചീവിത ചക്രത്തിൽ ഇടം നേടിയ മറ്റൊരു ചക്രം സൈക്കിളായിരുന്നു. 1915 ൽ അഹമ്മദാബാദിൽ താമസിച്ചിരുന്നപ്പോൾ ഗുജറാത്ത് വിദ്യാപീഠം മുതൽ സബർമതി വരെ ഗാന്ധിജി സൈക്കിളിലാണ് യാത്ര ചെയ്തിരുന്നതെന്ന് അദ്ദേത്തിന്റെ സെക്രട്ടറി മഹാദേവ ദേശായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ ജോഹനനാസ്ബർഗിലുണ്ടായിരുന്ന കാലത്ത് കറുത്ത വർഗ്ഗക്കാർക്ക് പൊതു വഴികളിൽകൂടി സൈക്കിളോടിക്കുന്നതിന് വിലക്കുണ്ടായിരുന്നു. ജോഹന്നാസ്ബർഗ് നഗര വീഥികളിലൂടെ സൈക്കിളോടിക്കുന്നവരും സൈക്കിൾ പെർമിറ്റുള്ളവരും ഇടത്തേ കൈത്തണ്ടയിൽ നമ്പർ ബാഡ്ജ് ധരിച്ചിരിക്കണമെന്നൊരു വർണ വിവേചന നിയമമുണ്ടായിരുന്നു. ജോഹന്നാസ്ബർഗ് ടൗൺ കൗൺസിലിന്റെ ഈ കരിനിയമത്തിനെതിരെ ഗാന്ധിജി തന്റെ പത്രമായ 'ഇന്ത്യൻ ഒപ്പീനിയ'നിലൂടെ ശക്തമായി പോരാടി. 1903-05 കാലഘട്ടത്തിൽ ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി സാമാന്യം നല്ല പ്രാക്ടീസുള്ള വക്കീലായിരുന്നു. കൂടാതെ പൊതു പ്രവർത്തനവും ഉണ്ടായിരുന്നു. ഈ സന്ദർഭത്തിൽ ഗാന്ധിജി നിത്യവും 6 മൈൽ സൈക്കിൾ ചവിട്ടിയാണ് ഓഫീസിൽ പോയിരുന്നത്.

1904-ൽ ജോഹന്നാസ് ബർഗിൽ കറുത്ത വർഗക്കാരായ പാവപ്പെട്ട തൊഴിലാളികൾ(കൂലികൾ) തിങ്ങിപാർക്കുന്ന ചേരികളിൽ പ്ലേഗ് പൊട്ടിപ്പുറപ്പെടുകയുണ്ടായി. വെള്ളക്കാരുടെ ഭരണകൂടത്തിന് കറുത്ത വർഗക്കാർ എങ്ങനെ നരകിച്ചാലും പ്രശ്നമൊന്നും ഉണ്ടായിരുന്നില്ല.

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-04-2010

ആയതിനാൽ ഇവർക്ക് കക്കൂസുകളോ മതിയായ ശുചീകരണ സൗകര്യങ്ങളോ ഒരുക്കി കൊടുത്തിരുന്നില്ല. പ്ലേഗ് പൊട്ടിപ്പുറപ്പെട്ട വാർത്ത കേട്ടയുടനെ ഗാന്ധിജി സൈക്കിളിൽ പാഞ്ഞെത്തി. ഇന്ത്യൻ ഡോക്ടർമാരെ കൊണ്ടുവന്ന് ചികിത്സിപ്പിക്കുകയും ചെയ്തു. തന്റെ സത്യം കൊണ്ടുള്ള പരീക്ഷണങ്ങൾക്ക് ഗാന്ധിജി പ്രയോജനപ്പെടുത്തിയ മറ്റൊരു ഉപകരണമാണ് സൈക്കിൾ എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

മദിരാശിയിലെ കോളേജ് വിദ്യാഭ്യാസ കാലത്തുതന്നെ വി.കെ. കൃഷ്ണമേനോൻ പൊതു പ്രവർത്തകനായും പ്രാസംഗികനായും പേരും പെരുമയും നേടിയിരുന്നു. പ്രസംഗിക്കുക മാത്രമല്ല പൊതുയോഗങ്ങൾ സംഘടിപ്പിക്കലും പ്രസംഗം കേൾക്കലും അദ്ദേഹത്തിന്റെ സ്ഥിരം പരിപാടികളായിരുന്നു. രാഷ്ട്രീയ-സാമൂഹ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട മീറ്റിംഗുകൾ മദിരാശി പട്ടണത്തിൽ എവിടെയുണ്ടായാലും കൃഷ്ണമേനോൻ അവിടെ സന്നിഹിതനായിരിക്കും. ഇത്തരം കാര്യങ്ങളിലുള്ള സജീവ താൽപര്യം കൃഷ്ണമേനോനെ 'ഒരു സൈക്കിൾ' ജീവി ആക്കിതീർത്തു. മീറ്റിംഗുകളിൽ പങ്കെടുക്കാൻ പ്രാംസംഗികരെ ക്ഷണിക്കാനും, സുഹൃത്തുക്കളെ സന്ദർശിക്കാനും കൃഷ്ണമേനോന് ഏറെ ദൂരം നിത്യവും സഞ്ചരിക്കേണ്ടതായി വരാറുണ്ട്. ഇതിനൊക്കെ അദ്ദേഹം എപ്പോഴും ആശ്രയിച്ചിരുന്നത് സൈക്കിളിനെയാണ്. വെയിലും മഴയും നിലാവും വകവെക്കാതെ മദിരാശി പട്ടണത്തിൽ തലങ്ങും വിലങ്ങും അക്കാലത്ത് സൈക്കിളിനോടൊപ്പമല്ലാതെ വി.കെ. കൃഷ്ണമേനോനെ കാണുക അസാദ്ധ്യമായിരുന്നു. സൈക്കിളുമായുള്ള അഭേദ്യ ബന്ധം കാരണം 'മിസ്റ്റർ സൈക്കിൾ, മദ്രാസ്' എന്ന് മേൽവിലാസമെഴുതി കത്ത് പോസ്റ്റ് ചെയ്താൽ അദ്ദേഹത്തിന് ബുദ്ധിമുട്ടേതുമില്ലാതെ ആ കത്ത് കിട്ടുമെന്ന് അക്കാലത്ത് ചില രസികന്മാർ തമാശയായി പറഞ്ഞിരുന്നുവെന്ന് ടി.ജെ. എസ്. ജോർജ് കൃഷ്ണമേനോന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മലയാള കവികളായ വൈലോപ്പിള്ളി ശ്രീധരമേനോനും വിഷ്ണുനാരായണൻ നമ്പൂതിരിയുമൊക്കെ ഇതുപൊലെ സ്ഥിരം സൈക്കിൾ യാത്രക്കാരായി അറിയപ്പെടുന്നവരാണ്.

പ്രഗത്ഭരും സാധാരണക്കാരും ഒരുപോലെ ആശ്രയിച്ചിരുന്ന സൈക്കിളിന് ഇങ്ങനെ പല രൂപവും മുഖവുമുണ്ട്. ആഗോള താപനത്തിനും ആഡംബര ജീവിതത്തിനും അരാഷ്ട്രീയവൽക്കരണത്തിനും മറുപടിയായും പരിചയായും സൈക്കിളിനെ ഉയർത്തിപിടിക്കാം. പ്രകൃതിയോട് ചങ്ങാത്തം പുലർത്തുന്ന മനുഷ്യപ്പറ്റുള്ള ഈ ലളിത വാഹനത്തെ എല്ലാ അർത്ഥത്തിലും നമ്മുടെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരേണ്ടിയിരിക്കുന്നു.

(പാഠഭേദം)

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.